08
2025
ആഗസ്റ്റ്
വെള്ളി
കർക്കിടകം 23

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 203 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-203 പേജ് 4. വില 2.00 രൂപ




02 12.035 കോടി രൂപയുടെ ലഹരി മരുന്നുമായി യാത്രക്കാരൻ പിടിയിൽ
03 ഒരു വിലാസത്തിൽ മാത്രം 10,452 വോട്ടർമാർ: ക്രമക്കേടുകൾ പുറത്തുവിട്ട് കോൺഗ്രസ്
04 ശ്വേതാ മേനോനെതിരായ കേസ്, തുടർനടപടികൾക്ക് സ്റ്റേ

# മത്സ്യത്തൊഴിലാളികൾക്ക് സ്വപ്നസാഫല്യം

തിരുവനന്തപുരം: നൂറുകണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഒരു സ്വപ്നം കൂടി ഇന്ന് യാഥാർത്ഥ്യമാകുന്നു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി 332 കുടുംബങ്ങൾക്കകൂടി ഫ്ലാറ്റുകളുടെ താക്കോൽ കൈമാറും.

2023 ഫെബ്രുവരി 10 നാണ് മുട്ടത്തറയിലെ ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചത്. മുട്ടത്തറ വില്ലേജിൽ ക്ഷീര വികസന വകുപ്പിന്റെ കൈവശത്തിലുണ്ടായിരുന്ന എട്ട് ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് സർക്കാർ കൈമാറുകയായിരുന്നു. അതിൽ പുനർഗേഹം പദ്ധതി പ്രകാരം 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 81 കോടി രൂപയാണ് അനുവദിച്ചത്. ഇവിടെ നിർമിക്കാൻ ഉദ്ദേശിച്ചിരുന്ന 400 ഫ്ലാറ്റുകളുടെ സമുച്ചയത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാനുള്ള പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട കാലതാമസം മൂലം പദ്ധതി വൈകുമെന്നതിനാലാണ് ആദ്യ ഘട്ടമായി 332 ഫ്ലാറ്റുകളും രണ്ടാം ഘട്ടമായി പാരിസ്ഥിതികാനുമതി ലഭിച്ച ശേഷം 68 ഫ്ലാറ്റുകളും പൂർത്തിയാക്കാൻ തീരുമാനിച്ചത്.



സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'പുനർഗേഹം' തീരദേശ പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമിച്ച മുട്ടത്തറയിലെ 332 ഫ്ലാറ്റുകളുടെ താക്കോൽദാനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

തുടർച്ചയായ കടൽക്ഷോഭം മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഭീഷണിയാവുകയും തീരദേശ ജീവിതം ദുസഹമാക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സർക്കാർ പുനർഗേഹം എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകിയത്. 2019 ഡിസംബറിൽ 2,450 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന 22,174 കുടുംബങ്ങളുടെ പുനരധിവാസമാണ് ലക്ഷ്യമിടുന്നത്. വ്യക്തികൾ സ്വന്തമായി ഭൂമി കണ്ടെത്തി വീട് നിർമ്മിക്കുക, ഗുണഭോക്താക്കളുടെ സംഘം ഭൂമി കണ്ടെത്തി ഫ്ലാറ്റുകൾ നിർമ്മിക്കുക, റവന്യൂ ഭൂമിയിലോ ഏറ്റെടുത്ത ഭൂമിയിലോ സർക്കാർ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുക എന്നീ മാർഗങ്ങളാണ് പുനരധിവാസത്തിനായി സർക്കാർ മുന്നോട്ടുവെച്ചത്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ തീരദേശത്ത്, പ്രത്യേകിച്ച് വലിയതുറ ഭാഗത്ത് കടൽക്ഷോഭം മൂലം താമസസ്ഥലവും ഭവനവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കണമെന്നത് പ്രധാന ആവശ്യമായിരുന്നു. ഈ ആവശ്യം അംഗീകരിച്ചു കൊണ്ടാണ് സർക്കാർ തന്നെ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കാൻ തീരുമാനിച്ചത്. കൂടാതെ വീട് നഷ്ടപ്പെട്ട് വാടകവീടുകളിൽ താമസിക്കുന്നവർക്ക് കിടപ്പാടം പൂർത്തിയാകുന്നതുവരെ പ്രതിമാസം 5,500 രൂപ വീതം വീട്ടുവാടക നൽകാനും തീരുമാനിച്ചു. തിരുവനന്തപുരം ജില്ലയിൽ ഇനിയും ദുരിതസാധ്യത മുന്നിൽക്കണ്ട് സർക്കാർ കൂടുതൽ ഭവന സമുച്ചയങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടകംപള്ളി വേളിയിൽ 168 ഫ്ലാറ്റുകൾക്കും വലിയതുറ സെന്റ് ആന്റണീസ് സ്കൂളിന് സമീപം 24 ഫ്ലാറ്റുകൾക്കും ഭരണാനുമതി നൽകിക്കഴിഞ്ഞു. കൂടാതെ ഈ വർഷം ജില്ലയിൽ 168 വ്യക്തിഗത ഭവന നിർമാണത്തിനും അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിലൂടെയും പുനർഗേഹം പദ്ധതിയിലൂടെയും സംസ്ഥാനത്തൊട്ടാകെയുള്ള ഭൂരഹിതർക്കും ഭവനരഹിതർക്കും സുരക്ഷിത പാർപ്പിടം ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലേക്കാണ് സർക്കാർ നീങ്ങുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

## കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവ് സെപ്റ്റംബറിൽ

തിരുവനന്തപുരം: ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 18, 19 തീയതികളിൽ കേരളയൂറോപ്യൻ യൂണിയൻ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. 27 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. സുസ്ഥിരമായ രീതിയിൽ സമുദ്ര വിഭവങ്ങൾ ഉപയോഗിച്ച് സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുന്നതിനും ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമൊപ്പം പുതിയ ആവാസവ്യവസ്ഥയുടെ സംരക്ഷണം ഉറപ്പാക്കുകയുമാണ് ലക്ഷ്യം. ഒരു ലക്ഷം കോടി രൂപയുടെ പദ്ധതികൾ കോൺക്ലേവിൽ മുന്നോട്ട് വയ്ക്കുമെന്നും മന്ത്രി പറഞ്ഞു.

# വളവിൽതോപ്പിലെ വലക്കാർ ചെമ്പൻകുഞ്ഞിനെ ഓർമ്മിപ്പിക്കുമ്പോൾ...

**യേശുദാസ് വില്യം**




കൊല്ലം. 'മുക്കുവനു മുതുകത്താണ് കണ്ണ്' പ്രയോഗം തന്നെയുണ്ടന്നു പറയുന്നു. അതിലെത്ര നേരുണ്ടെന്നു മനസ്സിലായിട്ടില്ല. പക്ഷേ ഞങ്ങടെ കടപ്പുറത്തു വള്ളം അടുക്കുമ്പോൾ ചെന്നാൽ വലയിൽ നിന്നും മീനഴിക്കുന്ന പണിക്കാരെ കാണാം. വലയുടെ കണ്ണിയിൽ കോർത്ത മീനുകൾ അതീവ ശ്രദ്ധയോടെ അഴിച്ചെടുക്കുന്നവർ. ഇന്നലെ ഒന്നിച്ചിരുന്നു 'കൂടി'യവരാണെങ്കിലും, കുമ്പാരിയാണെങ്കിലും, അമ്മാച്ചനാണെങ്കിലും അവർ തലയുയർത്താതെ വലയഴിച്ചു വിതിർത്തോണ്ടു മീൻപണിയിൽ മുഴുകിയങ്ങിനെ നിൽക്കും. കാരണം കറിക്കു മീൻ വാങ്ങുവാനോ അല്ലെങ്കിൽ പരിചയത്തിന്റെയോ, ബന്ധത്തിന്റെയോ പുറത്തു രണ്ടുമീൻ എടുക്കാനോ വരുന്നവരാണിവർ. തൽക്കാലം ചില്ലറ മീൻ കൊടുക്കാനില്ല എന്നതു തന്നെയാണ് കുനിഞ്ഞുള്ള നിൽപ്പിന്നടിസ്ഥാനം.

കൊച്ചു വള്ളത്തിനു ചാരെ വലയഴിച്ചു മീൻ തിരിഞ്ഞു തലകുനിച്ചു നിൽക്കുന്ന കടലിപ്പോക്കുകാരുടെ ചിത്രം മനസ്സിൽ നിന്നും മായുന്നില്ല. ഇതു കണ്ടുമ്പോഴൊക്കെ പഴയൊരു ചിത്രം മനസ്സിൽ ഓർത്തുപോയി. തീരത്തെ ലത്തീൻ കത്തോലിക്കരുടെ വീടുകളിലെ ഉമ്മറത്തു വെച്ചിരിക്കുന്ന ഫ്രെയിം ചെയ്ത് തൂക്കിയിട്ടിരിക്കുന്ന ചിത്രമുണ്ട്. മരിച്ചുപോയ ആളുടെ പ്രേതത്തിനോടൊപ്പം അടുത്ത ബന്ധുക്കൾ നിൽക്കുന്ന ബ്ലാക്ക് ആന്റ് വയിറ്റിലുള്ള ചില്ലിട്ട ചിത്രം. പണ്ടൊക്കെ മിക്ക വീടുകളിലെയും ഉമ്മറത്ത് ഇതുണ്ടായിരുന്നു. ഇന്നതു കാണാനില്ല. ഫോട്ടോയിൽ താഴെ കിടത്തിയിരിക്കുന്ന പ്രേതത്തെ നോക്കി കുനിഞ്ഞാണ് എല്ലാവരുടെയും നിൽപ്പ്. ഏതാണ്ട് ഇതിനു സമമായ ഫ്രെയിമാണ് കടപ്പുറത്തെ വള്ളത്തിനു ചുറ്റുമുള്ള ഇവരുടെ നിൽപ്പ്. ഇതു ഞങ്ങടെ കടപ്പുറത്തു മാത്രമല്ല കേരളത്തിലെ ഏതു കടപ്പുറത്തു ചെന്നാലും മീൻ പിടിച്ചുകൊണ്ടു വരുന്നവരുടെ പൊതു സ്വഭാവം തന്നെയാണ്. ഇതിൽ യാതൊരു തെറ്റും പറയാനില്ല. കാരണം പിടിച്ചു കൊണ്ടുവരുന്ന മൽസ്യം വില്പനകേന്ദ്രത്തിലെത്തിച്ചു ന്യായമായ വില നേടുക എന്ന ലക്ഷ്യം മാത്രമേ ഇക്കാര്യത്തിലുള്ളു. ഇക്കാര്യത്തിൽ ഏറ്റവും വലിയ നിരീക്ഷണം നടത്തിയിരിക്കുന്നത് മഹാനായ എഴുത്തുകാരൻ തകഴി ശിവശങ്കരപ്പിള്ള തന്നെയാണ്. ചെമ്മീനിലെ ചെമ്പൻകുഞ്ഞിനെ ഓർക്കുക. മീനുമായി വള്ളമടുത്തു തുറയിലെത്തുമ്പോഴുള്ള പരാക്രമവും, ആർത്തിയും വള്ളവും വലയും വാങ്ങാൻ പണം തന്ന കൊച്ചു മുതലാളിയെപ്പോലും കാണാത്ത മട്ടിലായിുന്നു. സിനിമയിൽ ഇതൊക്കെ ഇച്ചിരി കുടുതലാണെങ്കിലും നമ്മൾ ചെമ്മീൻ സിനിമയിൽ ഇതു കണ്ടതാണ്. എന്നാൽ സാക്ഷാൽ തകഴിയെ കാണുവാൻ കുട്ടനാട്ടിലെ വീട്ടിൽ പോയ കാര്യം ഓർമ്മ വന്നു. ദൂരദർശനുവേണ്ടി ഓണനിലാവ് എന്ന ടെലിവിഷൻ പരിപാടിയിലേക്കുള്ള ഷൂട്ടിങ് ആയിരുന്നു. എനിക്കു തകഴിയെ പരിചയമില്ല. എന്നാൽ കലാകൗമുദിയിലെ സീനിയർ എഡിറ്ററായ ഇ. വി. ശ്രീധരന്റെ പരിചയത്തിലാണ് തകഴിയെ കാണുവാൻ ചെന്നത്. രാവിലെ തന്നെ തകഴിയുടെ ഭാഗങ്ങൾ ചിത്രീകരിച്ചു. ഏതാണ്ടു പന്ത്രണ്ടു മണിയാകാറായി. കാത്ത തകഴിക്കായുള്ള ഉച്ചയൂണ് തയ്യാറാക്കുന്ന തിരക്കിലാണ്. കൃത്യം പന്ത്രണ്ടു മണിയായപ്പോൾ ഡൈനിംഗ് ടേബിളിൽ വാഴയില ഇട്ടു. നോക്കുമ്പോൾ കുളിച്ചു കുറിയൊക്കെയിട്ടു തൂവെള്ള മുണ്ടു കയറ്റിയുടുത്തു സ്വതസിദ്ധമായ ചിരിയുമായി തകഴി തീൻ മേശയിൽ ഇരുന്നു. വരാൽ കറിവെച്ചതും, തൂവെള്ള ചോറും കാത്ത വിളമ്പി. ചെമ്മീനിലെ ചെമ്പൻ കുഞ്ഞിനെപ്പോലെ തകഴി വരാലുകറിയും ചോറും ഭംഗിയായി ഉരുട്ടി കഴിച്ചു. ഒരിക്കൽ പോലും ഉണ്ണാനായി ഞങ്ങളെ ക്ഷണിച്ചില്ല. എന്നു മാത്രമല്ല ഭക്ഷണം കഴിക്കുന്നതിൽ നിന്നും ശ്രദ്ധ ഞങ്ങളിലേക്കാക്കിയതുമില്ല. മറ്റൊരു ചെമ്പൻ കുഞ്ഞിനെപ്പോലെ. കൊല്ലം ശക്തികുളങ്ങര തീരത്തുള്ള എനിക്ക് വരാലിന്റെ രുചിയറിയാം. വായിൽ വെള്ളമൂറിയെങ്കിലും പിടിച്ചു നിന്നു. അന്നത്തെ ഓർമ്മക്കായി ഒരു ചിത്രവും പകർത്തിവെച്ചു. പറഞ്ഞുവന്നതു മുഖമുയർത്താതെ നിൽക്കുന്ന ഞങ്ങടെ തീരത്തെ മീൻപിടുത്തക്കാരെയാണ്. പറയുമ്പോൾ ഞങ്ങളെല്ലാം ബന്ധുക്കളും സ്വന്തക്കാരുമാണ്. എന്നാൽ പതിവിനു വിപരീതമായി ഇന്നു കടപ്പുറത്തു ചെന്നപ്പോൾ എല്ലാവരും തല ഉയർത്തി നോക്കി പ്രസന്നമായ അവരുടെ മുഖങ്ങൾ. മീൻ വേണോ? എത്ര വേണം ഞങ്ങടെ വള്ളത്തീന്നു തരാം എന്നായി. . പരവയും, കുറ്റാലും, താടയും സഞ്ചികളിൽ നിറച്ചു. 'അച്ചാ ഇവരൊക്ക വെറും പാവുത്തുങ്ങളാ. . . വള്ളത്തീ പണി കിട്ടിയാ അവരു മീൻ തരും. . അല്ലാത്തപ്പോൾ എങ്ങിനെ പറ്റും. . ' നമ്മടെബോട്ടിന്റെ അടുത്തു വരുമ്പോൾ പണി മോശമാണെങ്കിൽ ആരെങ്കിലും കറിക്കു മീൻ കൊടുക്കുമോ' മീൻ വാങ്ങുവാൻ വന്ന അലക്സിന്റെ നിരീക്ഷണം. 'എന്റെ ബോട്ടിന്റെ അടുത്തു വരുന്നവർക്കു ഞാൻ കൊടുക്കും. . ഇഷ്ടം പോലെ മീനുകൾ അലക്സുപറഞ്ഞു'. . വാങ്ങിയ മീനുകൾക്ക് തൃപ്തിയോടെ പണം നൽകി വീട്ടിലേക്കു തിരിച്ചപ്പോൾ ചിന്തിച്ചു ഇവരെന്താ ഇന്നിങ്ങെനെ? ഒരു സത്യം മനസ്സിലായി. ഇന്നു വല നിറയെ മീനുണ്ടായിരുന്നു. മീന് അത്യാവിശ്യം വിലയുണ്ടായിരുന്നു. അവർക്കെല്ലാം സന്തോഷമായിരുന്നിരിക്കണം. വള്ളത്തിലെ ഒഴിഞ്ഞ വലക്കണ്ണിയിലെ മീൻ പെറുക്കുമ്പോൾ ഇവരുടെ മനസ്സിൽ ജീവിതത്തിന്റെ വറുതിയും, കഷ്ടപ്പാടുമായിരിക്കും മനസ്സു നിറയെ. . മുഖമുയർത്തി നോക്കാനാവാതെ ചിന്താഭാരത്തിൽ തലകുനിഞ്ഞു നിന്നു പോയവരെ പഴിച്ചതു തെറ്റായെന്നു ഉറപ്പായും തോന്നി. മൺസൂണിൽ മോശമായിരുന്ന കടൽ പണി. ട്രോളിംഗ് നിരോധനം കഴിഞ്ഞതോടെ മാറി. ഇനി മീൻപൊനപ്പുകൾ തീരത്തെ വലക്കാരുടെ വലകളെ തഴുകുന്ന സ്വപ്നമാണ് അവരുടെ മനസ്സു നിറയെ. . . .



## മനം നിറച്ച് കടലോളം കനിവോരം

പുനർഗേഹം പദ്ധതിയുടെ ഭാഗമായി 332 ഫ്ളാറ്റുകളുടെ താക്കോൽ കൈമാറ്റച്ചടങ്ങിന് മുന്നോടിയായി അരങ്ങേറിയ ദൃശ്യവിരുന്ന് നിറഞ്ഞ സദസ്സിന്റെ കൈയ്യടി നേടി. കടൽപ്പാട്ടുകളും ആധുനിക നൃത്താവതരണങ്ങളും കേരളീയ രംഗകലകളും ശ്രദ്ധാപൂർവ്വം കൂട്ടിയിണക്കി വേദിയിൽ ചലച്ചിത്ര പിന്നണിഗായകരും നൃത്തസംഘങ്ങളും സ്ക്രീനിൽ കടലിന്റെ വിവിധ ഭാവങ്ങളും ചേർന്നതായിരുന്നു കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ രൂപകൽപന ചെയ്ത കലാവിരുന്ന്. തുടർന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മൽസ്യ ബന്ധന സാംസ്കാരിക യുവജന ക്ഷേമവകുപ്പ് മന്ത്രി സജിചെറിയാന്റെയും വിവിധ മന്ത്രിമാരുടെയും എം പി മാരുടെയും വിശിഷ്ടാതിഥികളുടേയും സാന്നിധ്യത്തിൽ തീരദേശ വാസികൾക്ക് സമുച്ചയത്തിന്റെ താക്കോൽ കൈമാറ്റം നടത്തി. വൻ പ്രേക്ഷക പങ്കാളിത്തത്താൽ പുർഗേഹം പദ്ധതി ധന്യമായിരുന്നു.

## മുതലപ്പൊഴിയിൽ തിരയിൽപ്പെട്ട് മത്സ്യബന്ധനവള്ളം മറിഞ്ഞു

തിരുവനന്തപുരം: അഞ്ചുതെങ്ങ് മുതലപ്പൊഴിയിൽ ശക്തമായ തിരയിൽപ്പെട്ട് മത്സ്യബന്ധന വള്ളം മറിഞ്ഞു. വള്ളത്തിലുണ്ടായിരുന്ന അഞ്ച് തൊഴിലാളികൾ നീന്തി രക്ഷപ്പെട്ടു. ഇന്ന് രാവിലെയായിരുന്നു സംഭവം. നിസാര പരിക്കേറ്റ രണ്ട് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അഞ്ചുതെങ്ങ് സ്വദേശി ഔസേപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻഫന്റ് ജീസസ് എന്ന വള്ളമാണ് ശക്തമായ തിരയിൽപ്പെട്ട് മറിഞ്ഞത്. മുതലപ്പൊഴിയിൽ ഈ അടുത്തകാലത്തായി മത്സ്യബന്ധന വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റിരുന്നു. ബുധനാഴ്ച കഠിനംകുളത്ത് നിന്നും മത്സ്യബന്ധനത്തിന് പോയി വള്ളം മറിഞ്ഞ് കാണാതായ അലക്സ് മാനുവലിനെ ഇനിയും കണ്ടെത്താനായിട്ടില്ല. ഇദ്ദേഹത്തിന് വേണ്ടി തിരച്ചിൽ തുടരുകയാണ്.





ദേശീയ കൈത്തറി ദിനാഘോഷത്തിൻറെ ഭാഗമായി കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച കൈത്തറി ക്ലസ്റ്ററുകളുടെ പ്രദർശനം നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് സന്ദർശിക്കുന്നു.

# കുതിച്ചുയർന്ന് പുതിയ ഉയരം കുറിച്ച് സ്വർണവില, 75,500 രൂപയിലേക്ക്

കൊച്ചി: സംസ്ഥാനത്ത് സ്വർണവില വീണ്ടും കുതിച്ചുയർന്ന് ചരിത്രവിലയിൽ. ഗ്രാമിന് 20 രൂപയും പവന് 160 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 9,400 രൂപയിലും പവന് 75,200 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 15 രൂപ ഉയർന്ന് 7,715 രൂപയിലെത്തി.

ബുധനാഴ്ചയും കഴിഞ്ഞ ജൂലൈ 27നും കുറിച്ച പവന് 75,040 രൂപയെന്ന റിക്കാർഡാണ് ഇന്നു തകർത്തെറിഞ്ഞത്.

സംസ്ഥാനത്ത് ചാഞ്ചാട്ടങ്ങൾക്കൊടുവിൽ ശനിയാഴ്ച സ്വർണവില കുതിച്ചുയർന്നിരുന്നു. ഗ്രാമിന് 140 രൂപയും പവന് 1,120 രൂപയുമാണ് വർധിച്ചത്. ഇതിനു പിന്നാലെ തിങ്കളാഴ്ച മാറ്റമില്ലാതെ തുടർന്ന ശേഷം ചൊവ്വാഴ്ച ഗ്രാമിന് 80 രൂപയും പവന് 640 രൂപയും വർധിച്ചു. ഇതോടെ, കഴിഞ്ഞ അഞ്ചു പ്രവൃത്തിദിനങ്ങൾക്കിടെ മാത്രം ഗ്രാമിന് 250 രൂപയും പവന് 2,000 രൂപയുമാണ് കൂടിയത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു. ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി. മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴു ദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.

ജൂൺ 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. പിന്നീട് താഴേക്കുപോയ സ്വർണം ചാഞ്ചാട്ടങ്ങൾക്കൊടുവിൽ വീണ്ടും റിക്കാർഡിലേക്ക് കുതിക്കുകയായിരുന്നു.

ജൂലൈ തുടക്കത്തിൽ 72,160 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഒമ്പതിന് 72,000 രൂപയായി താഴ്ന്ന് ആ മാസത്തെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ എത്തി. പിന്നീട് വില ഉയരുന്നതാണ് ദൃശ്യമായത്. രണ്ടാഴ്ചയ്ക്കിടെ ഏകദേശം 1,400 രൂപ വർധിച്ച സ്വർണവില വീണ്ടും 73,000 കടക്കുകയായിരുന്നു. പിന്നാലെ 22ന് വീണ്ടും 74,000 പിന്നിടുകയും 23ന് 75,000 രൂപ പിന്നിട്ട് പുതിയ ഉയരം കുറിക്കുകയും ചെയ്തു. 23ന് സ്വർണവില പവന് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമായിരുന്ന സ്വർണവില പിന്നീടുള്ള ദിവസങ്ങളിൽ സ്വർണവില താഴേക്കുപോകുന്നതാണ് കണ്ടത്.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. അതേസമയം, വെള്ളിയുടെ വിലയിൽ മാറ്റമില്ല. ഒരു ഗ്രാം സാധാരണ വെള്ളിക്ക് 123 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# നവീന ആശയങ്ങളിലുള്ള വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ പ്രദർശനവുമായി കൈത്തറി ക്ലസ്റ്ററുകൾ

തിരുവനന്തപുരം: നവീന ആശയങ്ങളിലുള്ള വ്യത്യസ്ത കൈത്തറി ഉൽപ്പന്നങ്ങളിലുടെ ശ്രദ്ധേയമായി കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിൻറെ പ്രദർശനം. ദേശീയ കൈത്തറി ദിനാഘോഷത്തിൻറെ ഭാഗമായി തിരുവനന്തപുരം ഫോർട്ട് മാമ്പർ ഹോട്ടലിൽ സംഘടിപ്പിച്ച കൈത്തറി ക്ലസ്റ്ററുകളുടെ പ്രദർശനമാണ് പുതുമയും വൈവിധ്യവും കൊണ്ട് കാഴ്ചക്കാരുടെ ശ്രദ്ധ നേടിയത്.

കൈത്തറി മേഖലയിലെ കേരളത്തിൻറെ ദീർഘകാല പാരമ്പര്യം, ഗുണനിലവാരം, വൈവിധ്യം, പുതിയ പ്രവണതകൾ എന്നിവ പ്രതിഫലിക്കുന്നതാണ് പ്രദർശനം. വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും ഹാൻഡ്ലൂം മാർക്കും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

വിവിധ ജില്ലകളിൽ നിന്നുള്ള 15 കൈത്തറി ക്ലസ്റ്ററുകളാണ് പ്രദർശനത്തിലുള്ളത്. പരമ്പരാഗത കൈത്തറി ഉൽപ്പന്നങ്ങൾക്കൊപ്പം പുതുമോടിയിലാണ് ഓരോ സ്റ്റാളുകളും ഒരുക്കിയിട്ടുള്ളത്. കൈത്തറി സാരിയും മുണ്ടും തന്നെയാണ് പ്രധാന ഇനം. വ്യത്യസ്ത ഡിസൈനുകളിലുള്ള സാരികളാണ് എല്ലാ ക്ലസ്റ്ററുകളിലെയും മുഖ്യ ആകർഷണം. കസവ് വസ്ത്രങ്ങളും പല വർണങ്ങളിലുള്ളവയും ഓണപ്പുടവകളും പ്രദർശനത്തിനുണ്ട്.

തനത് ശൈലിയിലുള്ള കൈത്തറി നെയ്ത്തുരീതി പിന്തുടരുന്നതിനൊപ്പം പുതുമ കൊണ്ടുവരാനുള്ള ശ്രമവും ഓരോ സ്റ്റാളുകളും നിലനിർത്തുന്നുണ്ട്. സാരികൾക്കും മുണ്ടുകൾക്കുമൊപ്പം പുതിയ തലമുറയെ ആകർഷിക്കാനുള്ള ഉൽപ്പന്നങ്ങളും പ്രദർശനത്തിലുണ്ട്. കുർത്ത, ലേഡീസ് കുർത്ത, ഷോർട്ട് കുർത്ത, ചുരിദാർ ടോപ്പ്, കുട്ടിയുടുപ്പുകൾ, കോട്ടുകൾ എന്നിവയാണ് ഈയിനത്തിലെ പ്രധാന ഉൽപ്പന്നങ്ങൾ. വസ്ത്രങ്ങൾക്ക് പുറമേ കൈത്തറി ബാഗുകൾ, ഹാൻഡ് ബാഗ് എന്നിവയുമുണ്ട്.

ചിറക്കൽ, കണ്ണപുരം, മങ്ങാട്ടുപാറ, ഇരിണാവ്, പെരുമ്പ (കണ്ണൂർ), പേരാമ്പ (കോഴിക്കോട്), കൊടുമ്പ, മർലാട് (പാലക്കാട്), കൊട്ടാരക്കര (കൊല്ലം), കോട്ടുകാൽ, കളമച്ചൽ, ട്രാവൻകൂർ നേമം, മംഗലത്തുകോണം പടിഞ്ഞാറേക്കര, ബാലരാമപുരം വനിതാ ക്ലസ്റ്റർ (തിരുവനന്തപുരം) എന്നീ ക്ലസ്റ്ററുകളുടെ സ്റ്റാളുകളാണ് പ്രദർശനത്തിലുള്ളത്. ഓരോ ജില്ലകളിലെയും പ്രധാന കൈത്തറി ഗ്രാമങ്ങളിൽ നിന്നുള്ള നെയ്ത്തുകാരാണ് പ്രദർശനത്തിൽ പങ്കെടുക്കുന്നത്.

ബാലരാമപുരം കൈത്തറിയുടെ ഭാഗമായ വനിതാ ക്ലസ്റ്റർ സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന ക്ലസ്റ്ററാണ്. നൂൽനൂൽപ്പ് മുതൽ ഡിസൈനിംഗും പ്രൊഡക്ഷനും വരെയുള്ള എല്ലാ ഘട്ടങ്ങളിലും സ്ത്രീകളുടെ കരവിരുതും ആശയങ്ങളും ഇതിൽ പ്രകടമാകുന്നു.

കൈത്തറിയുടെ സംയോജിതവും സമഗ്രവുമായ വികസനവും നെയ്ത്തുകാരുടെ ക്ഷേമവും ലക്ഷ്യമിട്ടുള്ള സർക്കാർ പദ്ധതിയായ സ്മാൾ ക്ലസ്റ്റർ ഡവലപ്മെൻറ് പ്രോഗ്രാ (എസ് സിഡിപി) മിൻറെ ഭാഗമായി ധനസഹായം ലഭിച്ചിട്ടുള്ളവയാണ് പ്രദർശനത്തിൽ പങ്കെടുത്ത ക്ലസ്റ്ററുകൾ.

ഇന്ത്യൻ കൈത്തറി വ്യവസായത്തിൻറെ പാരമ്പര്യം ഉയർത്തിപ്പിടിക്കാനും നെയ്ത്തുകാരുടെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമിട്ടുമാണ് ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി ആചരിക്കുന്നത്.

# അശ്ലീലസിനിമകളിലൂടെ പണം സമ്പാദിച്ചെന്ന കേസ്: ശ്വേതാ മേനോനെതിരായ തുടർനടപടികൾക്ക് സ്റ്റേ

കൊച്ചി: അശ്ലീല രംഗങ്ങളിൽ അഭിനയിക്കുകയും വീഡിയോ പ്രചരിപ്പിക്കുകയും ചെയ്തെന്ന പരാതിയിൽ ശ്വേതാ മേനോനെതിരായ കേസിന്റെ തുടർനടപടികൾ സ്റ്റേ ചെയ്ത് ഹൈക്കോടതി. കേസിനെക്കുറിച്ച് കൂടുതൽ പരാമർശങ്ങൾ നടത്തുന്നില്ലെന്ന് വ്യക്തമാക്കിയ കോടതി എറണാകുളം സിജെഎമ്മിനോട് റിപ്പോർട്ട് തേടിയിട്ടുണ്ട്.

ഹർജി കിട്ടിയ ശേഷം പോലീസിന് കൈമാറും മുമ്പ് സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്നും അന്വേഷണം നടത്തുന്ന സെൻട്രൽ പോലീസും റിപ്പോർട്ട് നൽകണമെന്നും കോടതി നിർദേശിച്ചു. തനിക്കെതിരായ കേസ് റദ്ദാക്കണമെന്നും അന്വേഷണ നടപടികൾ അടിയന്തരമായി സ്റ്റേ ചെയ്യണമെന്നും ആവശ്യപ്പെട്ടാണ് ശ്വേതാ മേനോൻ ഹൈക്കോടതിയിൽ ഹർജി നല്കിയത്. കേസ് അടിസ്ഥാനരഹിതമാണെന്നടക്കമുള്ള തരത്തിൽ നിയമോപദേശം ലഭിച്ച സാഹചര്യത്തിലാണ് ശ്വേത മേനോൻ കോടതിയെ സമീപിച്ചത്. തനിക്കെതിരായി പരാതിക്കാരൻ നൽകിയ ക്ലിപ്പുകൾ സെൻസർ ചെയ്ത സിനിമകളിലേതെന്ന് താരം കോടതിയെ അറിയിച്ചു. കുടുംബചിത്രങ്ങളിൽ അഭിനയിക്കുന്ന നടിയാണ് താനെന്നും ഗൂഢാലോചനയുടെ ഭാഗമാണ് പരാതിയെന്നും ശ്വേത അറിയിച്ചു. എന്നാൽ പോൺസൈറ്റുകളിൽ ചിത്രം കടന്നുവന്നത് എങ്ങനെയെന്ന് അന്വേഷിക്കണമെന്നും കോടതിയോട് ആവശ്യപ്പെട്ടു. മാർട്ടിൻ മേനാച്ചേരി എന്നയാളുടെ പരാതിയിൽ എറണാകുളം സിജെഎം കോടതിയുടെ നിർദേശത്തെത്തുടർന്ന് ബുധനാഴ്ചയാണ് എറണാകുളം സെൻട്രൽ പോലീസ് കേസെടുത്തത്. അനാശാസ്യ നിരോധന നിയമപ്രകാരവും, ഐടി ആക്ട് പ്രകാരവുമാണ് കേസ്.

സിനിമയിലും പരസ്യങ്ങളിലും മറ്റും നഗ്നത പ്രദർശിപ്പിച്ച് അഭിനയിച്ചു, സമൂഹമാധ്യമങ്ങളിലൂടെയും വെബ്സൈറ്റുകളിലൂടെയും ദൃശ്യങ്ങൾ പ്രചരിപ്പിച്ച് വരുമാനം നേടി തുടങ്ങിയ ആരോപണങ്ങളാണ് പരാതിയിൽ ഉള്ളത്. സാമ്പത്തിക ലാഭത്തിനുവേണ്ടി ഗൂഢ ഉദ്ദേശത്തോടെ സിനിമയിലും പരസ്യങ്ങളിലും നഗ്നത പ്രദർശിപ്പിച്ച് അഭിനയിച്ചു, സമൂഹമാധ്യമങ്ങളിലൂടെയും പോൺസൈറ്റുകളിലൂടെയും ദൃശ്യങ്ങൾ പ്രചരിപ്പിച്ച് വരുമാനം നേടിയെന്നുമാണ് എഫ്ഐആറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അതേസമയം ശ്വേത മേനോൻ താരസംഘടന അമ്മയുടെ പ്രസിഡൻറ് സ്ഥാനത്തേക്ക് മത്സരിക്കുന്നതുമായി തന്റെ പരാതിക്ക് ബന്ധമില്ലെന്ന് പരാതിക്കാരൻ പറഞ്ഞു. നടിക്കെതിരെ താൻ മാർച്ചിൽ ആണ് പരാതി നൽകിയത്. സെൻട്രൽ പോലീസിൽ പരാതി നൽകിയിട്ട് നടപടി ഉണ്ടാകാതിരുന്നതോടെ കോടതിയെ സമീപിക്കുകയായിരുന്നുവെന്നും മാർട്ടിൻ പറഞ്ഞു.

# നോർക്ക പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് കോൺക്ലേവിന് തുടക്കമായി

നോർക്ക റൂട്സിന്റെ ഗ്രാന്റ് ലഭിച്ച പ്രവാസി സഹകരണസംഘങ്ങളുടെ പ്രതിനിധികൾക്കായുള്ള നോർക്ക റൂട്ട്സ് അസ്സിസ്റ്റഡ് -പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് കോൺക്ലേവ് 2025 ന് (ആഗസ്റ്റ് 7, 8) എറണാകുളം പാലാരിവട്ടം ദി റിനൈ കൺവെൻഷൻ സെന്ററിൽ തുടക്കമായി. പല രാജ്യങ്ങളിലേയും തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്താൻ ഉതകും വിധത്തിൽ ഭാഷാ പരിജ്ഞാനമുളളവരേയും നൈപുണ്യ മികവുള്ളവരേയും കണ്ടെത്താനോ ആ മാനവവിഭവശേഷിയുടെ അവസരം പ്രയോജനപ്പെടുത്താനോ കഴിയുന്നില്ലെന്ന് കോൺക്ലേവിന്റെയും നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (ചഅങഋ) എംപ്ലോയർ രജിസ്ട്രേഷൻ പോർട്ടലിന്റെയും ഉദ്ഘാടനം നിർവ്വഹിച്ച് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. ജർമ്മനിയിലെ 20,000 ത്തോളം ഡ്രൈവർമാരുടെ ഒഴിവുകളിൽ ഭാഷാ പരിജ്ഞാനമുള്ളവരേയും തൊഴിൽ നൈപുണ്യ മികവുളളവരേയും കണ്ടെത്താനായില്ലെന്നും അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും പുനസംയോജനത്തിനും ഉതകും വിധം കേരളത്തിലെ പ്രവാസി സഹകരണ സ്ഥാപനങ്ങൾ ഉയരണമെന്നും ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

സഹകരണ പ്രസ്ഥാനങ്ങളിലൂടെ മെച്ചപ്പെട്ട ലോകക്രമം എന്നതാണ് ലോക കോ-ഓപ്പറേറ്റീവ് വർഷമെന്ന നിലയിൽ ഇത്തവണത്തെ പ്രമേയം. പ്രവാസി സഹകരണ സ്ഥാപനങ്ങൾക്ക് അതിനാൽ തന്നെ വലിയ ചുമതല നിർവ്വഹിക്കാനാകും. ഇന്ത്യയിൽ പ്രവാസികൾക്കായി മികച്ച പദ്ധതികൾ നടപ്പിലാക്കുന്ന ഏക സംസ്ഥാനമാണ് കേരളമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിച്ച നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി പറഞ്ഞു.

ഉദ്ഘാടന ചടങ്ങിനു ശേഷം നോർക്ക പദ്ധതികളേയും സേവനങ്ങളേയും കുറിച്ച് വിശദീകരിച്ച അദ്ദേഹം ഓപ്പൺ ഫോറത്തിൽ ഉന്നയിച്ച സംശയങ്ങൾക്കും മറുപടി നൽകി. ഉദ്ഘാടന ചടങ്ങിൽ കേരള ഇൻറ്റിറ്റ്യൂട്ട് ഫോർ എന്റർപ്രൊണർഷിപ്പ് ഡവലപ്മെന്റ് (ഗകഋഉ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സജി എസ്, നോർക്ക വകുപ്പ് അഡീഷണൽ സെക്രട്ടറി സിന്ധു എസ് എന്നിവർ ആശംസകൾ അറിയിച്ചു. ചടങ്ങിൽ നോർക്ക റൂട്ട്സ് എറണാകുളം സെന്റർ മാനേജർ അമ്പിളി ആന്റണി സ്വാഗതവും നോർക്ക റൂട്ട്സ് സെക്ഷൻ ഓഫീസർ രമണി കെ നന്ദിയും പറഞ്ഞു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും രീതിയും സംബന്ധിച്ച ക്ലാസിന് സഹകരണ വകുപ്പ് മുൻ ജോ. രജിസ്ട്രാർ (റിട്ട) പി.ബി ഉണ്ണികൃഷ്ണൻ നേതൃത്വം നൽകി. സംസ്ഥാനത്തെ 51 പ്രവാസി സഹകരണ സംഘംങ്ങളിൽ നിന്നുള്ള 140 പ്രതിനിധികൾ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ (ചആഎഇ) നേതൃത്വത്തിലാണ് പരിശീലനം. കോൺക്ലേവിന് നാളെ സമാപനമാകും.

# കൊച്ചി മെട്രോ റെയിൽപ്പാലത്തിന്റെ മുകളിൽനിന്നു ചാടി യുവാവ് മരിച്ചു

കൊച്ചി: മെട്രോ റെയിൽപ്പാലത്തിന്റെ മുകളിൽനിന്നു ചാടി യുവാവ് ജീവനൊടുക്കി. മലപ്പുറം ചുള്ളിപ്പാറ വീരാശേരി കുഞ്ഞുമൊയ്തീന്റെ മകൻ നിസാറാണു മരിച്ചത്. തൃപ്പൂണിത്തുറ വടക്കേക്കോട്ടഎസ്എൻ ജംഗ്ഷൻ മെട്രോ സ്റ്റേഷനുകൾക്കിടയിൽ ആയിരുന്നു സംഭവം. ഇയാളെ അതീവഗുരുതരാവസ്ഥയിൽ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു.

മൃതദേഹം വൈകാതെ പോസ്റ്റ്മോർട്ടത്തിന് അയയ്ക്കും. വടക്കേകോട്ടയിൽനിന്ന് തൃപ്പൂണിത്തുറയ്ക്കു ടിക്കറ്റ് എടുത്ത ശേഷമാണു നിസാർ പ്ലാറ്റ്ഫോമിൽ പ്രവേശിച്ചത്. തുടർന്നു പ്ലാറ്റ്ഫോമും മറികടന്നു പുറത്തേക്ക് ഓടുകയായിരുന്നു. ഇയാൾ പുറത്തേക്ക് കടക്കുന്നതു കണ്ടതോടെ മെട്രോ അധികൃതർ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ട്രെയിനുകളുടെ ഓട്ടം നിർത്തുകയും ചെയ്തു. പിന്നാലെ അഗ്നിശമന സേന അടക്കം സ്ഥലത്തെത്തി.

ഇയാളെ അനുനയിപ്പിച്ചു താഴെയിറക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഇതിനിടെ താഴേക്കു ചാടിയാൽ പിടിക്കുന്നതിനു വല ഉൾപ്പെടെ അഗ്നിശമന സേന തയാറാക്കി. എന്നാൽ ഇതിന് അപ്പുറത്തേക്ക് നിസാർ ചാടുകയായിരുന്നു. സംഭവത്തിന് പിന്നിലെ കാരണം വ്യക്തമല്ല. പരിശോധനകൾക്ക് ശേഷം മെട്രോ സർവീസ് പുനരാരംഭിച്ചു.

# എം.എച്ച്.എ, എം.എസ്സി ഫിസിയോളജി പ്രവേശനം: ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം

കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സ് പ്രകാരം 2025 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, എം. എസ്. സി മെഡിക്കൽ ഫിസിയോളജി കോഴ്സുകൾക്ക് ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിനു 1200/ രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600/രൂപയുമാണ്. അപേക്ഷകർക്ക് ഓൺലൈൻ വഴിയോ വെബ്സൈറ്റ് വഴി ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് ഒടുക്കാം. വ്യക്തിഗത അക്കാദമിക വിവരങ്ങൾ ഓൺലൈൻ ആയി www.lbscentre.kerala.gov.in ൽ രജിസ്റ്റർ ചെയ്യാം. യോഗ്യത സർട്ടിഫിക്കറ്റുകൾ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അപ്ലോഡ് ചെയ്യണം. അക്കാദമിക യോഗ്യതാ പരീക്ഷയുടെ മൊത്തം മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള ഒരു കേന്ദ്രീകൃത അലോട്ട്മെന്റിലൂടെയാണ് കോഴ്സുകളിലേക്കുള്ള പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560361, 362, 363, 364.

# സ്പോട്ട് അഡ്മിഷൻ

സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ മോഡൽ പോളിടെക്നിക് കോളേജുകളിലേയ്ക്കും പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിലേക്കും ഡിപ്ളോമ ഒന്നാം വർഷത്തിലെ രണ്ടാം ഘട്ട അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. എസ്.എസ്.എൽ.സി ആണ് അടിസ്ഥാന യോഗ്യത. അഡ്മിഷന് താല്പര്യമുള്ളവർ അതതു ജില്ലകളിലെ മോഡൽ പോളിടെക്നിക് കോളേജുളുമായും പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജുമായും നേരിട്ട് ബന്ധപ്പെടണം. ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ, സൈബർ ഫോറൻസിക് ആൻഡ് ഇൻഫർമേഷൻ സെക്യൂരിറ്റി, മെക്കാനിക്കൽ എൻജിനീയറിങ്, സിവിൽ എൻജിനീയറിങ് എന്നീ എഞ്ചിനീയറിംഗ് ഡിപ്ളോമ പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. അർഹരായ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം ലഭിക്കും. വിശദവിവരങ്ങൾക്ക്: 8547005000, ംംം.ശവൃറ.മര.ശി.

# കാഷ്മീരിൽ സിആർപിഎഫ് വാഹനം കൊക്കയിലേക്ക് മറിഞ്ഞു; മൂന്നു സൈനികർ മരിച്ചു

ശ്രീനഗർ: ജമ്മു കാഷ്മീരിൽ സിആർപിഎഫ് വാഹനം കൊക്കയിലേക്ക് മറിഞ്ഞ് മൂന്ന് സൈനികർ മരിച്ചു. 15 പേർക്ക് പരിക്കേറ്റു. രാവിലെ പത്തരയോടെ ഉദ്ദംപുരിലെ കഡ്വ-ബസന്ത്ഗഡ് മേഖലയിലായിരുന്നു അപകടം. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റി.

# സ്പോട്ട് അഡ്മിഷൻ

തൃശ്ശൂർ ഗവ. എൻജിനിയറിങ് കോളേജിലെ, എം.സി.എ കോഴ്സിലെ (SM-1, DV-1, EZ-1) ഒഴിവുകളിലേക്ക് ആഗസ്റ്റ് 12 നു സ്പോട്ട് അഡ്മിഷൻ നടത്തുന്നു. രാവിലെ 9.30 മുതൽ 12 വരെയാണ് രജിസ്ട്രേഷൻ. കൂടുതൽ വിവരങ്ങൾക്ക്: www.gectcr.ac.in.

# സ്കൂളിലെ സീലിംഗ് തകർന്നുവീണ സംഭവം: റിപ്പോർട്ട് തേടി തദ്ദേശ സ്വയംഭരണവകുപ്പ്, വിദഗ്ധ സമിതിയെ നിയോഗിച്ച് കോസ്റ്റ്ഫോർഡ്

തൃശൂർ: കോടാലി സ്കൂളിലെ സീലിംഗ് തകർന്നുവീണ സംഭവത്തിൽ കോസ്റ്റ് ഫോർഡിനോട് റിപ്പോർട്ട് തേടി തദ്ദേശസ്വയംഭരണ വകുപ്പ്. സംഭവത്തിൽ സമാന്തര പരിശോധന നടത്തുമെന്നും വകുപ്പ് അറിയിച്ചിട്ടുണ്ട്. അതേസമയം, നിർമാണത്തിൽ അപാകത ഉണ്ടായോ എന്നറിയാൻ രണ്ടു വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സമിതിയെ കോസ്റ്റ് ഫോർഡ് പരിശോധനയ്ക്ക് നിയോഗിച്ചിട്ടുണ്ട്.എംഎൽഎ ഫണ്ടിൽ നിന്ന് അനുവദിച്ച 54 ലക്ഷം രൂപയ്ക്ക് കോസ്റ്റ്ഫോർഡ് ആണ് കെട്ടിടം നിർമിച്ചത്. എന്നാൽ, തകർന്നുവീണ റൂഫ് നിർമിച്ചത് കോസ്റ്റ്ഫോർഡ് നേരിട്ടല്ല. കോടാലിയിലുള്ള പ്രാദേശിക പണിക്കാരന് സബ് കോൺട്രാക്ട് നൽകുകയായിരുന്നു.

# 80 പേരുള്ള കുടുംബം ഒരു മുറിയിൽ കഴിയുന്നു; ഒരു വിലാസത്തിൽ മാത്രം 10,452 വോട്ടർമാർ: ക്രമക്കേടുകൾ പുറത്തുവിട്ട് കോൺഗ്രസ്

ന്യൂഡൽഹി: മഹാരാഷ്ട്രയിലെ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ബിജെപിയുമായി ഒത്തുകളിച്ചെന്ന ആരോപണവുമായി ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

ആയിരക്കണക്കിന് രേഖകൾ പരിശോധിച്ചാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ തട്ടിപ്പ് കണ്ടെത്തിയതെന്നും ഇതിനായി ആറു മാസമെടുത്തെന്നും രാഹുൽ ഗാന്ധി പറഞ്ഞു. കർണാടകയിലെ മഹാദേവപുര മണ്ഡലത്തിൽ ഒരുലക്ഷത്തലധികം വോട്ട് മോഷണം നടന്നതായും ഇവിടെ ബിജെപി വിജയിച്ചത് 33000 വോട്ടിനാണെന്നും രാഹുൽ പറഞ്ഞു.

ചില തെരഞ്ഞെടുപ്പ് ഫലങ്ങൾ ഞെട്ടിച്ചു. മഹാരാഷ്ട്രയിൽ അസാധാരണ പോളിംഗ് ആയിരുന്നു. അഞ്ച് മാസത്തിനിടെ വൻ തോതിൽ വോട്ടർമാരെ ചേർത്തു. ഒരു കോടി വോട്ടർമാരെയാണ് പുതുതായി ചേർത്തത്.

സമയം അഞ്ച് കഴിഞ്ഞപ്പോൾ പോളിംഗ് പലയിടത്തും കുതിച്ചുയർന്നു. മഹാരാഷ്ട്രയിൽ രേഖകൾ തെരഞ്ഞെടുപ്പ് കമ്മിഷൻ നശിപ്പിച്ചു. കോൺഗ്രസ് ആവശ്യപ്പെട്ടിട്ടും കമ്മിഷൻ വോട്ടർ പട്ടിക നൽകിയില്ല. സിസിടിവി ദൃശ്യങ്ങൾ 45 ദിവസങ്ങൾ കഴിഞ്ഞപ്പോൾ നശിപ്പിച്ചു. തെരഞ്ഞെടുപ്പ് കമ്മിഷൻ പലതും ഒളിക്കുകയാണെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

ഒരാൾക്ക് ഒരു വോട്ട് എന്ന ഭരണഘടനാപരമായ അവകാശം എത്രമാത്രം സുരക്ഷിതമാണെന്ന് പരിശോധിക്കണം. ഒരു ലോക്സഭാ മണ്ഡലത്തിലെ വോട്ടർ പട്ടിക പരിശോധിച്ചപ്പോൾ ആകെയുള്ള 6.5 ലക്ഷം വോട്ടർമാരിൽ 1.5 ലക്ഷം പേരും വ്യാജന്മാരാണെന്നു കണ്ടെത്തി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബിജെപി സർക്കാരുണ്ടാക്കിയത് ഈ തട്ടിപ്പിലൂടെ നേടിയ സീറ്റുകൾ ഉപയോഗിച്ചാണ്. രാജ്യത്തെ തെരഞ്ഞെടുപ്പ് സംവിധാനത്തിൽ, 2014 മുതൽ എന്തോ കുഴപ്പം സംഭവിക്കുന്നുണ്ടെന്ന സംശയം നേരത്തേ തന്നെയുണ്ട്.

രാജസ്ഥാൻ, മധ്യപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിൽ കോൺഗ്രസ് പാർട്ടിക്ക് ഒരു സീറ്റ് പോലും ലഭിക്കുന്നില്ല. ഇത് അത്ഭുതകരമാണെന്നും രാഹുൽ വ്യക്തമാക്കി. പല വോട്ടർമാർക്കും വീട്ടു നമ്പർ പോലുമില്ല. പലതിലും വീട്ടു നമ്പർ പൂജ്യമെന്നാണ് വോട്ടർ പട്ടികയിലുള്ളത്. 80 പേരുള്ള കുടുംബം ഒരു മുറിയിൽ കഴിയുന്നതായി വോട്ടർ പട്ടികയിലെ വിലാസത്തിലുണ്ട്.

മറ്റൊരു മുറിയിൽ 46 പേർ കഴിയുന്നതായാണ് രേഖകൾ. പരിശോധിച്ചപ്പോൾ ഇവിടെയെങ്ങും ആളുകളെ കണ്ടെത്താനായില്ല. ആർക്കും ഇവരെ അറിയില്ല. 40, 009 തെറ്റായ മേൽവിലാസങ്ങൾ കോൺഗ്രസ് അന്വേഷണത്തിൽ കണ്ടെത്തി.

ഒരു വിലാസത്തിൽ മാത്രം 10, 452 വോട്ടർമാർ ഉണ്ട്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ ചില പട്ടികകളിൽ വോട്ടർമാരുടെ ഫോട്ടോ ഇല്ല. വളരെ ചെറിയ രീതിയിൽ, തിരിച്ചറിയാനാകാതെ ഫോട്ടോ കൊടുത്ത ലിസ്റ്റുകളുമുണ്ട്. 33,000 പേർ ഒരു മണ്ഡലത്തിൽ രണ്ടുതവണ വോട്ട് ചെയ്തു. 68 പേർക്ക് വോട്ട് ബിയർ പാർലറിന്റെ വിലാസത്തിലാണെന്നും രാഹുൽ പറഞ്ഞു.

# അമേരിക്ക ഇന്ത്യയ്ക്ക് മേൽ നടത്തുന്നത് സാമ്പത്തിക ബ്ലാക്ക്മെയിലിങ്

ന്യൂഡൽഹി: ഇന്ത്യയ്ക്ക് നേരെ അധിക പകരം തീരുവ ചുമത്തിയ യുഎസ് നീക്കത്തിനെതിരെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

ഈ നടപടി അമേരിക്ക ഇന്ത്യയ്ക്ക് മേൽ നടത്തുന്ന സാമ്പത്തിക ബ്ലാക്ക്മെയിലിങ് ആണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബലഹീനത ഇന്ത്യയിലെ ജനങ്ങളുടെ താൽപര്യങ്ങളെ ബാധിക്കുന്ന തരത്തിലാകരുതെന്നും രാഹുൽ എക്സിൽ കുറിച്ചു.

അതേസമയം, അമേരിക്ക ഇന്ത്യയോട് കാണിക്കുന്നത് ഇരട്ടത്താപ്പാണെന്നും പുതിയ വ്യാപാര പങ്കാളികളെ ഇന്ത്യ കണ്ടത്തേണ്ടതുണ്ടെന്നും ശശി തരൂർ എംപി വ്യക്തമാക്കി. 'യുറേനിയം, പല്ലേഡിയം, എന്നിവ അമേരിക്ക റഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. ചൈനക്കാർ നമ്മളേക്കാൾ കൂടുതൽ റഷ്യൻ എണ്ണ ഇറക്കുമതി ചെയ്യുന്നവരാണ്. പക്ഷെ ചൈനക്കാർക്ക് 90 ദിവസത്തെ ഇടവേള അവർ നൽകിയിട്ടുണ്ട്. അമേരിക്ക നമ്മുടെ രാജ്യത്തോട് നല്ല സൗഹൃദം പുലർത്തുന്നവരാണെന്നാണ് കരുതിയത്. എന്നാൽ അവർ ചെയ്തത് സൗഹൃദപരമായ പ്രവൃത്തിയല്ല. ഈ അനുഭവത്തിൽ നിന്ന് നമ്മൾ പാഠം പഠിക്കേണ്ടതുണ്ടെന്നും' തരൂർ മാധ്യമങ്ങളോട് വ്യക്തമാക്കി.

നിലവിൽ ഇന്ത്യൻ സർക്കാർ നേരിട്ടോ അല്ലാതെയോ റഷ്യയിൽ നിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നുവെന്ന് കണ്ടെത്തിയതായി ട്രംപ് ഉത്തരവിൽ അറിയിച്ചു. 21 ദിവസത്തിനുള്ളിൽ പുതിയ തീരുവ പ്രാബല്യത്തിൽ വരും. റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്ന രാജ്യങ്ങളെ ശിക്ഷിക്കുമെന്ന ട്രംപിന്റെ ഭീഷണി തുടരുന്നുവെന്നാണ് ഈ നടപടി സൂചിപ്പിക്കുന്നത്. എന്നാൽ റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നത് നിർത്തിയാൽ തീരുമാനം പുനഃപരിശോധിക്കുമെന്ന് ട്രംപ് അറിയിച്ചു.

# ഐഎസ്എലിന്റെ ഭാവി എന്ത് ടീം യോഗം ഇന്ന്

മുംബൈ: 2025-26 സീസൺ ഐഎസ്എൽ (ഇന്ത്യൻ സൂപ്പർ ലീഗ്) നടക്കില്ലെന്ന ആശങ്കകൾക്കിടെ ക്ലബ് പ്രതിനിധികളും എഐഎഫ്എഫുമായി ഇന്നു നിർണായക യോഗം നടക്കും.

ജൂലൈ 11നാണ് 2025-26 ഐഎസ്എൽ സീസൺ നടന്നേക്കില്ലെന്ന സൂചന, ലീഗിന്റെ സംഘാടകരായ ഫുട്ബോൾ സ്പോർട്സ് ഡെവലപ്മെൻറ് ലിമിറ്റഡ് (എഫ്എസ്ഡിഎൽ) നൽകിയത്. എഫ്എസ്ഡിഎല്ലും ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനും (എഐഎഫ്എഫ്) തമ്മിലുള്ള മാസ്റ്റർ റൈറ്റ് എഗ്രിമെൻറ് (എംആർഎ) തർക്കം പരിഹരിക്കാത്തതാണ് പ്രശ്നകാരണം. അതേസമയം, ഇന്നത്തെ യോഗത്തിൽ കോൽക്കത്തൻ വമ്പന്മാരായ മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് പങ്കെടുക്കില്ലെന്നാണ് സൂചന. നിലവിൽ കോടതിയുടെ മുന്നിലുള്ള വിഷയത്തിൽ യോഗം ചേർന്നിട്ടു കാര്യമില്ലെന്നാണ് ബഗാന്റെ നിലപാട്.ഒഡീഷ എഫ്സി, ബംഗളൂരു എഫ്സി തുടങ്ങിയ ടീമുകൾക്കു പിന്നാലെ കഴിഞ്ഞ ദിവസം ചെന്നൈയിൻ എഫ്സിയും പ്രവർത്തനം നിർത്തിവച്ചിരുന്നു. ഫസ്റ്റ് ടീമിന്റെയും സ്റ്റാഫുകളുടെയും പ്രവർത്തനമാണ് ചെന്നൈയിൻ എഫ്സി നിർത്തിവച്ചത്. യൂത്ത് ടീമിന്റെ പ്രവർത്തനം ചെന്നൈയിൻ നേരത്തേതന്നെ നിർത്തിവച്ചിരുന്നു.

രാജ്യത്തെ ഏറ്റവും മികച്ച താരമായ സുനിൽ ഛേത്രിയുടെ ക്ലബ്ബായ ബംഗളൂരു എഫ്സി, ഫസ്റ്റ് ടീമിന്റെയും സ്റ്റാഫുകളുടെയും സാലറി മരവിപ്പിച്ചതിന്റെ പിറ്റേദിനമാണ് ചെന്നൈയിൻ പ്രവർത്തനം നിർത്തിവച്ചതെന്നതും ശ്രദ്ധേയം. അഭിഷേക് ബച്ചന്റെ ഉടമസ്ഥതയിലുള്ള ചെന്നൈയിൻ എഫ്സി, ഫസ്റ്റ് ടീമിനുള്ള സാലറി ജൂണിൽ നൽകിയിരുന്നു. എന്നാൽ, ജൂലൈയിലെ പ്രതിഫലം ഇതുവരെ നൽകിയിട്ടില്ലെന്നാണ് റിപ്പോർട്ട്.

# 'ഭീകരവാദത്തെ മഹത്വവൽക്കരിക്കുന്നു'; അരുന്ധതി റോയിയുടേത് ഉൾപ്പടെ 25 പുസ്തകങ്ങൾ നിരോധിച്ച് ജമ്മുകാഷ്മീർ സർക്കാർ

ശ്രീനഗർ: അരുന്ധതി റോയിയടക്കമുള്ള എഴുത്തുകാരുടെ 25 പുസ്തകങ്ങൾ നിരോധിച്ച് ജമ്മുകാഷ്മീർ സർക്കാർ. ദേശീയ സുരക്ഷയും ക്രമസമാധാനവും കണക്കിലെടുത്താണ് നടപടിയെന്നാണ് വിശദീകരണം. തെറ്റായ വിവരങ്ങൾ പ്രോത്സാഹിപ്പിക്കുന്നു,

തീവ്രവാദത്തെ മഹത്വവൽക്കരിക്കുന്നു, കേന്ദ്രഭരണ പ്രദേശത്ത് വിഘടനവാദം പ്രോത്സാഹിപ്പിക്കുന്നു തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ചാണ് ഭരണകൂടം ഈ പുസ്തകങ്ങൾ കണ്ടുകെട്ടാൻ ഉത്തരവിട്ടത്. അരുന്ധതിയുടെ ആസാദി, ഭരണഘടനാ വിദഗ്ധൻ എ. ജി. നൂറാനിയുടെ ദ കാഷ്മീർ ഡിസ്പ്യൂട്ട് 1947-2012 അടക്കമുള്ള പുസ്തകങ്ങളാണ് നിരോധിച്ചിരിക്കുന്നത്.

പുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ വിശദമായ പരിശോധനയ്ക്ക് ശേഷമാണ് തീരുമാനം കൈകൊണ്ടതെന്ന് ഉദ്യോഗസ്ഥർ പറയുന്നു. ഈ പുസ്തകങ്ങൾ പൊതുസമാധാനത്തിനും രാജ്യത്തിന്റെ ഐക്യത്തിനും ഹാനികരമാണെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കുന്നു. ഈ പുസ്തകങ്ങൾ ചരിത്രത്തെ വളച്ചൊടിച്ചും അക്രമങ്ങളെ പ്രോത്സാഹിപ്പിച്ചും യുവത്വത്തെ തീവ്രനിലപാടുകളിലേക്ക് നയിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നുവെന്ന് വിവിധ അന്വേഷണങ്ങളിൽ നിന്നും ഇൻറലിജൻസ് വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നുവെന്നും ആഭ്യന്തര വകുപ്പ് പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

ഭാരതീയ ന്യായ സംഹിതയിലെ വകുപ്പ് 98 പ്രകാരം ഈ പുസ്തകങ്ങൾ കണ്ടുകെട്ടുന്നതായും ഉത്തരവിൽ വ്യക്തമാക്കി. ഈ പുസ്തകങ്ങൾ വിഘടനവാദത്തെ ഉത്തേജിപ്പിക്കുകയും ഇന്ത്യയുടെ പരമാധികാരത്തെയും അഖണ്ഡതയെയും അപകടപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ഉത്തരവിൽ ചൂണ്ടിക്കാട്ടി.

# വലിയ വില നൽകേണ്ടി വരും, എന്നാലും കർഷക താത്പര്യങ്ങളിൽ വിട്ടുവീഴ്ചയ്ക്കില്ല: ട്രംപിന് മറുപടിയുമായി മോദി

ന്യൂഡൽഹി: യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ തീരുവ ഭീഷണികൾക്ക് മറുപടിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. തങ്ങളുടെ കർഷകരുടെ താത്പര്യമാണ് മുൻഗണനയെന്നും ഇന്ത്യ ഒരിക്കലും കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ക്ഷീരകർഷകരുടെയും താത്പര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇതിന് നമ്മൾ വലിയ വില നൽകേണ്ടിവരുമെന്ന് തനിക്കറിയാം, താൻ അതിന് തയാറാണ്, ഇന്ത്യ അതിന് തയാറാണെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. അതേസമയം, യുഎസിന്റെയും ട്രംപിന്റെയോ പേരെടുത്തു പറയാതെയായിരുന്നു മോദിയുടെ പ്രസ്താവന. അന്തരിച്ച പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ എം. എസ്. സ്വാമിനാഥന്റെ ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഡൽഹിയിൽ നടക്കുന്ന ത്രിദിന ആഗോള സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

# സിവിൽ സർവ്വീസസ് വിജയികളെ അനുമോദിക്കുന്നു

2024 - ലെ സിവിൽ സർവ്വീസ് പരീക്ഷയിലും (43 പേർ), ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് പരീക്ഷയിലും (2 പേർ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിൽ നിന്നും പരിശീലനം നേടി വിജയിച്ച മലയാളികളായ 45 വിദ്യാർത്ഥികളെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന സർക്കാർ അനുമോദിക്കുന്നു. ആഗസ്റ്റ് 9 ന് വൈകുന്നേരം 6 ന് മാസ്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അദ്ധ്യക്ഷത വഹിക്കും. അനുമോദന യോഗം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ച് വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യും. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് രാജേഷ് രവീന്ദ്രൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ & സെൻ്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള ഡയറക്ടർ സുധീർ. കെ തുടങ്ങിയവർ പങ്കെടുക്കും.

# പരീക്ഷാ വിജ്ഞാപനം

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന ഓഫ്സെറ്റ് പ്രിന്റിങ് ടെക്നോളജി, കമ്പ്യൂട്ടർ ആൻഡ് ഡി.റ്റി.പി ഓപ്പറേഷൻസ് പരീക്ഷകളുടെ ജൂലൈ 2025 പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിച്ചു. വിശദവിവരങ്ങൾക്ക്: www.tekerala.org .

# വോട്ടർപട്ടികപുതുക്കൽ: 9,10 തീയതികളിൽ തദ്ദേശസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കും

വോട്ടർപട്ടികപുതുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഓഫീസുകളും ആഗസ്റ്റ് 9, 10 (ശനി, ഞായർ) തീയതികളിൽ തുറന്നു പ്രവർത്തിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

# പുടിനുമായി കൂടിക്കാഴ്ചയ്ക്കൊരുങ്ങി ട്രംപ്

വാഷിംഗ്ടൺ ഡിസി: റഷ്യൻ പ്രസിഡൻറ് വോളോഡിമർ പുടിനുമായി ഉടൻ കൂടിക്കാഴ്ച നടത്തുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. മോസ്കോയിൽ തന്റെ പ്രത്യേക ദൂതനും റഷ്യൻ നേതാവുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് കൂടിക്കാഴ്ചയെന്ന് ട്രംപ് പറഞ്ഞു. ട്രംപും യുക്രേയ്ൻ നേതാവ് വ്ളോഡിമിർ സെലെൻസ്കിയും തമ്മിലുള്ള ഒരു ഫോൺ കോളിലാണ് കൂടിക്കാഴ്ചയ്ക്കുള്ള സാധ്യത ചർച്ച ചെയ്യപ്പെട്ടതെന്ന് കീവിൽനിന്ന് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ട്, ബ്രിട്ടൻ, ജർമനി, ഫിൻലൻഡ് എന്നിവരുൾപ്പെട്ട വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. യുഎസ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് മോസ്കോയിൽ റഷ്യൻ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് സെലെൻസ്കിക്ക് ട്രംപിന്റെ ഫോൺ കോൾ വന്നത്. ഈ യുദ്ധം അവസാനിക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. വരും ദിവസങ്ങളിലും തങ്ങൾ അതിനായി പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

# അമേരിക്ക ഏർപ്പെടുത്തിയ തീരുവ വർധനയ്ക്കെതിരെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തി പ്രതിഷേധിക്കണം: മന്ത്രി പി. രാജീവ്

തിരുവനന്തപുരം: അമേരിക്ക ഏർപ്പെടുത്തിയ തീരുവ വർധനയ്ക്കെതിരെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തി ഒത്തുചേർന്ന് പ്രതിഷേധിക്കണമെന്ന് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ദേശീയ കൈത്തറി ദിനാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല പരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രവും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

1990കളിൽ ആഗോളവത്കരണത്തെയും സ്വതന്ത്ര വ്യാപാരത്തെയും പ്രോത്സാഹിപ്പിച്ച രാജ്യമാണ് അമേരിക്കയെന്നും എന്നാൽ ഇപ്പോൾ അതിനെതിരെ വലിയ തടസ്സങ്ങളാണ് നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. കൈത്തറി അടക്കമുള്ള തൊഴിൽ മേഖലകളെ സംരക്ഷിക്കാനും തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാനും തീരുവ വർധനയ്ക്കെതിരായ പ്രതിഷേധിക്കേണ്ടത് അത്യാവശ്യമാണന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കൈത്തറി മേഖലയ്ക്ക് കുറേക്കൂടി കാര്യക്ഷമമായി മുന്നോട്ടുപോകാനാകണമെന്ന് മന്ത്രി പറഞ്ഞു. ഇതിനായി പുതിയ രീതികളും രൂപകൽപ്പനയും നടപ്പാക്കേണ്ടതുണ്ട്. മാറുന്ന അഭിരുചിക്കനുസരിച്ച് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കാനാകണം. മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം നടപ്പിലാക്കിയത് പ്രതിസന്ധിയിലായിരുന്ന കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിൽ നിർണായകമായി. തൊഴിലാളികളുടെ കൂലി ഓണത്തിനു മുമ്പ് നൽകും. ഹാൻറെക്സിന് 15 കോടി നൽകാനുള്ള സർക്കാർ ഉത്തരവായിട്ടുണ്ട്. ചേന്ദമംഗലം കൈത്തറി ഗ്രാമത്തിൻറെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഉദ്ഘാടനം ഈ വർഷമുണ്ടാകും. നാടുകാണിയിലെ ഡയിങ് യൂണിറ്റ് നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള സംസ്ഥാനതല, ജില്ലാതല അവാർഡ് വിതരണവും കൈത്തറി തൊഴിലാളികളെ ആദരിക്കലും മന്ത്രി നിർവ്വഹിച്ചു.പുതിയ രൂപകൽപ്പനയിലൂടെയും ആശയങ്ങളിലൂടെയും കൂടുതൽ പേരെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കാനാകണമെന്ന് അധ്യക്ഷത വഹിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് പറഞ്ഞു.

കൈത്തറി മേഖലയെ പിന്തുണയ്ക്കാനും വിപണി ഉറപ്പാക്കാനുമായുള്ള നിരവധി പദ്ധതികളാണ് സർക്കാർ നപ്പാക്കുന്നതെന്ന് സ്വാഗതപ്രസംഗത്തിൽ കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടർ ഡോ. കെ.എസ് കൃപകുമാർ പറഞ്ഞു.

എക്കോടെക്സ് ഹാൻഡ് ലൂം കൺസോർഷ്യം വി. ഗോപിനാഥൻ, ഹാൻവീവ് ചെയർമാൻ ടി.കെ ഗോവിന്ദൻ, കൈത്തറി സഹകരണ സംഘം അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എം ബഷീർ, കൈത്തറി തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡൻറ് പാറക്കുഴി സുരേന്ദ്രൻ, കൈത്തറി തൊഴിലാളി കോൺഗ്രസ് സംസ്ഥാന വർക്കിംഗ് പ്രസിഡൻറ് സുബോധൻ ജി., കൈത്തറി തൊഴിലാളി യൂണിയൻ സംസ്ഥാന കമ്മിറ്റി അംഗം പ്രഭാകരൻ കൂവളശ്ശേരി, സഹകരണ സംഘം അസോസിയേഷൻ വൈസ് പ്രസിഡൻറ് ബാഹുലേയൻ ഡി., ഐഐഎച്ച്ടി കണ്ണൂർ എക്സിക്യൂട്ടീവ് ഡയറക്ടർ എൻ. ശ്രീധന്യൻ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ദിനേശ് ആർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.തിരുവനന്തപുരം ജില്ലയിൽ പുതിയതായി അനുമതി ലഭിച്ച മൂന്ന് കൈത്തറി ക്ലസ്റ്ററുകളുടെ ഉദ്ഘാടനവും നടന്നു. കൈത്തറി മേഖലയിലെ കേരളത്തിൻറെ ദീർഘകാല പാരമ്പര്യം, ഗുണനിലവാരം, വൈവിധ്യം, പുതിയ പ്രവണതകൾ എന്നിവ പ്രദർശിപ്പിക്കുന്ന വൈവിധ്യമാർന്ന പരിപാടികളോടെയാണ് ദിനാഘോഷം സംഘടിപ്പിച്ചത്. വിവിധ ജില്ലകളിലെ കൈത്തറി ക്ലസ്റ്ററുകളുടെ നവീന ആശയങ്ങളിലുള്ള ഉൽപ്പന്നങ്ങളുടെ പ്രദർശനം, ഐഐഎച്ച്ടി-സിസിഎഫ് ഡി കണ്ണൂരിലെ വിദ്യാർഥികൾ അവതരിപ്പിച്ച ഫാഷൻ ഷോ എന്നിവ ദിനാഘോഷത്തിലെ പ്രധാന പരിപാടികളായിരുന്നു.

കൈത്തറി മേഖലയെ അഭിസംബോധന ചെയ്യുന്ന വിവിധ വിഷയങ്ങളിൽ ടെക്നിക്കൽ സെഷനുകൾ സംഘടിപ്പിച്ചു. 'ഭൗമസൂചിക പദവിയുടെ പ്രാധാന്യത്തോടെ കൈത്തറിക്ക് ആഗോള തിരിച്ചറിയൽ' എന്ന വിഷയത്തിൽ ഐഐഎച്ച്ടി കണ്ണൂരിലെ ടെക്നിക്കൽ സൂപ്രണ്ട് ബ്രിജേഷ് കെ.വി, 'കൈത്തറി വസ്ത്രങ്ങളുടെ വിപണന സാധ്യതകളി'ൽ കൊല്ലം ഐഎഫ്ടിയിലെ ഫാക്കൽറ്റി ഡോ. കരോലിൻ ബേബി, 'ഡിസൈൻ- പ്രിൻറിംഗ് സാധ്യതകൾ ആയാസകരമായ നെയ്ത്തി'ൽ ഐഐഎച്ച്ടി സേലം സീനിയർ ലക്ചർ (റിട്ട.) ജി. സുകുമാരൻ നായർ എന്നിവർ സംസാരിച്ചു. കൈത്തറി തൊഴിലാളികളുടെ കുട്ടികൾ അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും അരങ്ങേറി.

ഇന്ത്യൻ കൈത്തറി വ്യവസായത്തിൻറെ പാരമ്പര്യം ഉയർത്തിപ്പിടിക്കാനും നെയ്ത്തുകാരുടെ സാമൂഹിക-സാമ്പത്തിക വികസനം ലക്ഷ്യമിട്ടുമാണ് ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി ആചരിക്കുന്നത്.

# അമേരിക്കയിൽ സഹപ്രവർത്തകർക്ക് നേരെ വെടിയുതിർത്ത് സൈനികൻ; അഞ്ച് പേർക്ക് പരിക്ക്

ജോർജിയ: അമേരിക്കയിൽ സൈനിക കേന്ദ്രത്തിലുണ്ടായ വെടിവയ്പിൽ അഞ്ച് സൈനികർക്ക് പരിക്ക്. ജോർജിയയിലെ ഫോർട്ട് സ്റ്റുവർട്ട് സൈനിക കേന്ദ്രത്തിലാണ് വെടിവയ്പുണ്ടായത്.

സൈനികൻ തന്നെയാണ് സഹപ്രവർത്തകർക്കുനേരെ വെടിയുതിർത്തത്. കോർണേലിയസ് റാഡ്ഫോർഡ് എന്ന 28 കാരനായ സൈനികനാണ് വെടിവയ്പിന് പിന്നിൽ. ഇയാളെ കസ്റ്റഡിയിലെടുത്തു. സൈനികരുടെ പരിക്കുകൾ ഗുരുതരമല്ലെന്നാണ് പുറത്ത് വരുന്ന വിവരം. ബുധനാഴ്ച പ്രാദേശിക സമയം രാവിലെ 11നാണ് വെടിവയ്പുണ്ടായത്. സ്വകാര്യ കൈത്തോക്ക് ഉപയോഗിച്ചായിരുന്നു ഇയാൾ വെടിയുതിർത്തത്.

# ട്രംപുമായി ചർച്ചയ്ക്കില്ലെന്ന് ബ്രസീൽ പ്രസിഡൻറ്

വാഷിംഗ്ടൺ ഡിസി: ബ്രസീലിയൻ ഉത്പന്നങ്ങളുടെ തീരുവ 50 ശതമാനമായി യുഎസ് ഉയർത്തിയ പശ്ചാത്തലത്തിൽ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി നേരിട്ടുള്ള ചർച്ചകൾക്ക് ഇടമില്ലെന്ന് ബ്രസീൽ പ്രസിഡൻറ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ. കാബിനറ്റ് തലത്തിലുള്ള ചർച്ചകൾ തന്റെ സർക്കാർ ഉപേക്ഷിക്കുകയില്ലെന്നും എന്നാൽ താൻ വൈറ്റ് ഹൗസുമായി ബന്ധപ്പെടില്ലെന്നും ബ്രസീലിയൻ പ്രസിഡൻറ് പറഞ്ഞു. പുതിയ യുഎസ് വ്യാപാര തടസങ്ങൾ ലാറ്റിനമേരിക്കയിലെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയ്ക്ക് കോട്ടംവരുത്തില്ലെന്നും അദ്ദേഹം പറഞ്ഞു. യുഎസിന്റെ താരിഫ് വർധനകളോടുള്ള സംയുക്ത പ്രതികരണത്തിന്റെ സാധ്യതയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്ത്യയും ചൈനയും തുടങ്ങി വികസ്വര രാജ്യങ്ങളുടെ ബ്രിക്സ് ഗ്രൂപ്പിൽ നിന്നുള്ള നേതാക്കളെ വിളിക്കാനൊരുങ്ങുകയാണ് ബ്രസീൽ പ്രസിഡൻറ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗവേഷണ വികസന ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# 12.035 കോടി രൂപയുടെ ലഹരി മരുന്നുമായി യാത്രക്കാരൻ പിടിയിൽ

തിരുവനന്തപുരം: ലഹരി മരുന്ന് കടത്ത് തടയുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായി, കൊച്ചി സോണൽ യൂണിറ്റിലെ ഡിആർഐയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം റീജിയണൽ യൂണിറ്റിലെ ഡയറക്ടറേറ്റ് ഓഫ് റവന്യു ഇന്റലിജൻസ് (ഡിആർഐ) ഉദ്യോഗസ്ഥർ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഒരു യാത്രക്കാരനിൽ നിന്ന് ലഹരി മരുന്നായ ഹൈഡ്രോപോണിക് വീഡ് (മരിജുവാന) പിടിച്ചെടുത്തു.

പിടിച്ചെടുത്ത പദാർത്ഥത്തിന് 12.035 കിലോഗ്രാം ഭാരവും അന്താരാഷ്ട്ര വിപണിയിൽ ഏകദേശം 12.035 കോടി രൂപ മൂല്യവുമുണ്ട്. ബാങ്കോക്കിൽ നിന്ന് ദുബായ് വഴി തിരുവനന്തപുരത്തേക്ക് യാത്ര ചെയ്ത യാത്രക്കാരന്റെ ചെക്ക്ഇൻ ലഗേജിലാണ് ലഹരിമരുന്ന് ഒളിപ്പിച്ചിരുന്നത്.

1985 ലെ എൻഡിപിഎസ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇയാളെ അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. കൂടുതൽ അന്വേഷണം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ, കേരളത്തിൽ നിന്ന്, ഡിആർഐ, കൊച്ചി സോണൽ യൂണിറ്റ്, ?41 കോടി വിലമതിക്കുന്ന ലഹരി മരുന്നുകളും മരിജുവാനയും കൊക്കെയ്നും ഉൾപ്പെടെയുള്ള സൈക്കോട്രോപിക് ലഹരിവസ്തുക്കളും (എൻഡിപിഎസ്) പിടിച്ചെടുത്തു. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് അഞ്ച് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

## ഫോട്ടോജേണലിസം കോഴ്സ് പരീക്ഷാഫലം പ്രഖ്യാപിച്ചു

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ 13-ാം ബാച്ച് ഫോട്ടോജേണലിസം ഡിപ്ലോമ കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. അക്കാദമി കൊച്ചി സെന്ററിലെ ഐശ്വര്യ മധു ഒന്നാം റാങ്കിനും യദുകൃഷ്ണൻ എ.ഡി. രണ്ടാം റാങ്കിനും തിരുവനന്തപുരം സെന്ററിലെ നേതൻ അജി ജോർജ് മൂന്നാം റാങ്കിനും അർഹരായി. പരീക്ഷാഫലം അക്കാദമി വെബ്സൈറ്റായ ഃസലൃമഹമ്മലാശമ്മമ്മലൃീഴ ൽ ലഭിക്കും.

# അതിദരിദ്ര കുടുംബങ്ങൾക്ക് വീടും സ്ഥലവും; നടപടിക്രമങ്ങളിൽ ഇളവ് അനുവദിച്ച് സർക്കാർ

തിരുവനന്തപുരം: നഗരസഭകൾ, നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരമുള്ള വീടും സ്ഥലവും അതിദരിദ്ര കുടുംബങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങളിൽ ഇളവ് അനുവദിക്കും. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം.

സബ്സിഡി മാർഗരേഖയിലെ ഭൂമി വാങ്ങുന്നതും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിലുമാണ് ഇളവ് അനുവദിക്കുക. ഭവന നിർമ്മാണത്തിനുള്ള ഭൂമിയിൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് ഭവന നിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന നിബന്ധനയോടെ ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നതിന് ആവശ്യമായ ഭൂമിയുടെ കുറഞ്ഞ വിസ്തൃതി മൂന്ന് സെന്റിൽ നിന്നും രണ്ട് സെന്റായി കുറയ്ക്കും.

വീട് നിർമ്മാണത്തിന് റവന്യു ഭൂമിയോ മറ്റൊരു തരത്തിലുമുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് നിലവിൽ അനുവദിക്കുന്ന തുകയ്ക്ക് ഉപരിയായി ആവശ്യകതയ്ക്കനുസരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി അതിദരിദ്ര കുടുംബങ്ങൾക്ക് മാത്രമായി പരമാവധി രണ്ട് ലക്ഷം രൂപ കൂടി നൽകും. വീടോ ഭൂമിയോ കിട്ടുന്നവർ 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ല.

# ശബരിമല തീർത്ഥാടനകാല തയ്യാറെടുപ്പിന് പൊതുമരാമത്ത് വകുപ്പിൽ കോർ ടീം രൂപീകരിച്ചു: മന്ത്രി പി. എ. മുഹമ്മദ് റിയാസ്

ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക കോർ ടീം രൂപീകരിച്ചതായി മന്ത്രി പി. എ. മുഹമ്മദ് റിയാസ് അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായ ടീമിൽ അഡീഷണൽ സെക്രട്ടറി, കെ.എസ്.ടി.പി പ്രൊജക്ട് ഡയറക്ടർ, കെ.ആർ.എഫ്.ബി (പി.എം.യു) പ്രൊജക്ട് ഡയറക്ടർ, നിരത്ത്, പാലങ്ങൾ, ദേശീയപാത, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർമാർ, റിക്ക്, പ്രതീക്ഷ - ആശ്വാസ് മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളാണ്. ശബരിമല തീർത്ഥാടന കാലത്തിന് മുന്നോടിയായുള്ള പ്രവൃത്തി വിലയിരുത്തലിനായി ചേർന്ന ഉന്നതതല യോഗത്തിലാണ് ഈ തീരുമാനമെടുത്തത്.

ഓരോ ജില്ലകളിലും പ്രവൃത്തി വിലയിരുത്തുന്നതിനുള്ള ചുമതല ഓരോ ചീഫ് എഞ്ചിനീയർമാർക്കായി നൽകി. പ്രത്യേക ഇൻസ്പെക്ഷൻ ടീമും ഓരോ ജില്ലകൾക്കായി രൂപീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 25-ന് മുൻപ് പരിശോധന നടത്തി ഈ ടീം റിപ്പോർട്ട് നൽകണം. തീർത്ഥാടന കാലം അവസാനിക്കും വരെ ഈ സംഘത്തിന്റെ പരിശോധന തുടരും. ജില്ലകളിലെ എല്ലാ വിംഗുകളുടെയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്കും നൽകി.

നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പൊതുമരാമത്ത് മന്ത്രി യോഗത്തിൽ നിർദ്ദേശം നൽകി. സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ പൂർത്തിയാക്കൽ തുടങ്ങിയവയും സമയബന്ധിതമായി നടപ്പാക്കണം. തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ മുഴുവൻ റോഡുകളും ഗതാഗതയോഗ്യമായിരിക്കണം. ചില റോഡുകളിൽ അപകടങ്ങൾ ഉണ്ടാകുന്നുവെന്ന റിപ്പോർട്ടുകളുണ്ട്. അത്തരം റോഡുകളിൽ ആവശ്യമായ സുരക്ഷാപരിശോധനകൾ നടത്തുകയും റോഡ്സ് സേഫ്റ്റി പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും വേണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകരെ കൂടി കണക്കിലെടുത്ത് വിവിധ ഭാഷകളിലുള്ള സൈനേജ് ബോർഡുകൾ ഉണ്ടെന്ന് ഉറപ്പാക്കണം. റോഡുകളുടെ ഇരുഭാഗങ്ങളും കാട് വെട്ടിത്തെളിച്ച് കാൽനട യാത്രക്കാർക്ക് കൂടി സൗകര്യം ഒരുക്കണം. തെരുവ് വിളക്ക് സംവിധാനവും ഡ്രെയിനേജ് സംവിധാനവും കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തണമെന്ന് മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. റസ്റ്റ് ഹൗസുകളിൽ ആവശ്യമായ സൗകര്യങ്ങളെല്ലാം ഉണ്ടാകണം. പാലങ്ങളുടെ കൈവരികളടക്കം നല്ല രീതിയിൽ പരിപാലിക്കണം. പൂർത്തിയാക്കാൻ കഴിയുന്ന പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വേഗതയിൽ പൂർത്തിയാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ ആരോഗ്യ മന്ത്രി വീണാജോർജ്ജ്, ചീഫ് വിപ്പ് ഡോ.എൻ.ജയരാജ്, എം.എൽ.എ-മാരായ മാത്യു.ടി.തോമസ്, കെ.യു. ജനീഷ് കുമാർ, പ്രമോദ് നാരായണൻ, വാഴൂർ സോമൻ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കെ.ബിജു, അഡീഷണൽ സെക്രട്ടറി ഷിബു.എ, പത്തനംതിട്ട ജില്ലാ കലക്ടർ പ്രേംകൃഷ്ണൻ, ചീഫ് എഞ്ചിനീയർമാർ തുടങ്ങിയവർ പങ്കെടുത്തു.

# ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങൾക്കുനേരെയുള്ള ആക്രമങ്ങൾ: അജണ്ടകൾ പലതെന്ന് ആനിരാജ

കോട്ടയം: രാജ്യത്തെ ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങൾക്കുനേരെയുള്ള ആക്രമങ്ങൾക്കു പിന്നിലെ അജണ്ടകൾ പലതാണെന്ന് സിപിഐ ദേശീയ സെക്രട്ടറിയേറ്റ് അംഗവും മഹിളാസംഘം ദേശീയ പ്രസിഡൻറുമായ ആനി രാജ. കോട്ടയം പ്രസ്ക്ലബിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു ആനി രാജ. രാജ്യത്തു തുടർച്ചയായ ആക്രമണങ്ങൾ ക്രിസ്ത്യാനികൾക്ക് എതിരായി നടക്കുന്നുണ്ട്. ആർഎസ്എസിന്റെ അപ്രഖ്യാപിത ഹിന്ദു രാഷ്ട്രം എന്ന അജണ്ട നടപ്പാക്കുകയെന്നതാണ് ഇതിനു പിന്നിൽ. ആക്രമിക്കപ്പെടുന്നവരിൽ ഏറെയും ട്രൈബൽ മേഖലയിലെ ക്രൈസ്തവ വിഭാഗങ്ങളാണ്. ഫലഭൂയിഷ്ടമായ പ്രദേശങ്ങളാണ് ഈ മേഖലയിലുള്ളത്. ഇത്തരം സ്ഥലങ്ങളിൽ നിന്നും ജനവിഭാഗങ്ങളെ ഒഴിപ്പിച്ച് ഭൂമി കോർപറേറ്റുകൾക്ക് കൈമാറുകയാണ്. മണിപ്പൂരിൽ സംഭവിച്ചതും ഇതു തന്നെ. ഭൂമി അദാനിക്ക് കൈമാറാൻ തീരുമാനമായതായും ആനി രാജ ആരോപിച്ചു. കന്യാസ്ത്രീമാരുടെ അറസ്റ്റിനെ തെരഞ്ഞെടുപ്പ് രാഷ്ട്രീയമായി ബന്ധിപ്പിക്കുന്ന വൃത്തികെട്ട രാഷ്ട്രീയമാണ് കേരളത്തിലെ ബിജെപി കാട്ടിയത്. ക്രിസ്ത്യൻ വിഭാഗത്തോട് ഇക്കൂട്ടർക്ക് സ്നേഹം ഉണ്ടെങ്കിൽ രാജ്യത്തെ വിവിധ ജയിലുകളിലായി എത്രയോ വൈദികരും കന്യാസ്ത്രീകളും പാസ്റ്റർമാരും അടക്കം തടവിൽ ഉണ്ട്. അവരെക്കുറിച്ചും അവരുടെ മോചനത്തെ കുറിച്ചും ബിജെപി സംസ്ഥാന അധ്യക്ഷന് എന്താണ് പറയാനുള്ളതെന്നും ആനി രാജ ചോദിച്ചു.

# പള്ളിപ്പുറം തിരോധാനക്കേസ്: സെബാസ്റ്റ്യന്റെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും

ആലപ്പുഴ: ഏറ്റുമാനൂർ ജെയ്നമ്മ തിരോധാന കേസിൽ പ്രതി സി. എം. സെബാസ്റ്റ്യന്റെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. ആറ് ദിവസമായി ക്രൈംബ്രാഞ്ച് കസ്റ്റഡിയിലുള്ള സെബാസ്റ്റ്യൻ ചോദ്യങ്ങളോട് സഹകരിക്കുന്നില്ല.

ആദ്യം ഡിഎൻഎ പരിശോധനയ്ക്ക് അയച്ച ശരീര അവശിഷ്ടങ്ങളുടെ ഫലം കിട്ടുന്ന മുറയ്ക്ക് ഇയാളെ വീണ്ടും കസ്റ്റഡിയിൽ വാങ്ങാനാണ് ക്രൈംബ്രാഞ്ച് തീരുമാനം. കൂടാതെ ആലപ്പുഴയിലെ കേസുകളന്വേഷിക്കുന്ന ക്രൈബ്രാഞ്ച് സംഘം ഇയാളെ കസ്റ്റഡിയിൽ കിട്ടാൻ അപേക്ഷ നൽകിയേക്കും. സെബാസ്റ്റ്യനുമായി അടുപ്പമുള്ളവരുടെ വിശദമായ മൊഴിയെടുക്കാനാണ് അന്വേഷണ സംഘത്തിന്റെ തീരുമാനം. സെബാസ്റ്റ്യനെ കഴിഞ്ഞ ദിവസം പോലീസ് വിശദമായി ചോദ്യം ചെയ്തിരുന്നു. ഭാര്യയെയും ഒരുമിച്ചിരുത്തിയാണ് ചോദ്യം ചെയ്തത്. കാണാതായ സ്ത്രീകളിൽ ഒരാളായ ജെയ്നമ്മയുടെ ബന്ധുവുമായി മുൻപരിചയമുണ്ടെന്ന് ചോദ്യം ചെയ്യലിൽ ഇയാൾ സമ്മതിച്ചു.

ജെയ്നമ്മയെ കാണാതായ ദിവസം സെബാസ്റ്റ്യൻ എവിടെയാണെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഇവരിൽനിന്ന് ശേഖരിച്ചത്. ഇരുവരെയും ഒരുമിച്ച് ഇരുത്തി നടത്തിയ ചോദ്യം ചെയ്യലിൽ നിർണായക വിവരങ്ങൾ ലഭിച്ചെന്നാണ് സൂചന. മുമ്പും അന്വേഷണസംഘം ഭാര്യയുടെ മൊഴി എടുത്തിരുന്നു. കോട്ടയം ജില്ലാ ക്രൈംബ്രാഞ്ച് എസ്പി ഗിരീഷ് പി. സാരഥി അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണു മൊഴിയെടുത്തത്. സെബാസ്റ്റ്യന്റെ സുഹൃത്ത് റോസമ്മയുടെ വീട്ടിലും കോഴി ഫാമിലും അന്വേഷണ സംഘം ബുധനാഴ്ച തിരച്ചിൽ നടത്തിയിരുന്നു. സെബാസ്റ്റ്യന്റെ പള്ളിപ്പുറത്തെ വീട്ടിൽ നടത്തിയ പരിശോധനയ്ക്ക് പിന്നാലെയാണ് റോസമ്മയുടെ വീട്ടിലും പരിശോധന നടത്തുന്നത്. ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ ഉപയോഗിച്ച് സെബാസ്റ്റ്യന്റെ വീട്ടിൽ നേരത്തെ പരിശോധന നടത്തിയിരുന്നു. അസുഖബാധിതയായ അമ്മയെ പരിചരിക്കുന്നതിനായി കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഭാര്യയും മകളും ഏറ്റുമാനൂർ വെട്ടിമുകളിലുള്ള സ്വന്തം വീട്ടിലാണു താമസം. ഇടയ്ക്കിടക്ക് സെബാസ്റ്റ്യനും ഇവർക്കൊപ്പം ഇവിടെ താമസിക്കുന്നുണ്ടായിരുന്നു.

# കളമശേരി പോളിയിലെ കഞ്ചാവ് കേസ്: കുറ്റപത്രം ഈ മാസം അവസാനത്തോടെ

കൊച്ചി: കളമശേരി ഗവ. പോളിടെക്നിക്കിലെ ആൺകുട്ടികളുടെ ഹോസ്റ്റലിൽനിന്ന് കഞ്ചാവ് കണ്ടെത്തിയ കേസിലെ കുറ്റപത്രം ഈ മാസം അവസാനത്തോടെ കളമശേരി പോലീസ് കോടതിയിൽ സമർപ്പിക്കും.

കേസിൽ നിലവിൽ എട്ടു പ്രതികളാണുള്ളത്. മുഖ്യപ്രതി ഒഡീഷ ദരിഗ്ബാദി സ്വദേശി അജയ് പ്രധാനെ (33) ജൂലൈ 27ന് ഒഡീഷയിൽനിന്ന് കളമശേരി പോലീസ് സാഹസികമായി പിടികൂടിയിരുന്നു. റിമാൻഡിലായിരുന്ന ഇയാളെ രണ്ടു ദിവസം കസ്റ്റഡിയിൽ വാങ്ങി പോലീസ് വിശദമായി ചോദ്യം ചെയ്തിരുന്നു.

ഇയാളുടെ കൂട്ടാളികളായ ഇതര സംസ്ഥാനക്കാരാണു കോളജിലേക്ക് ലഹരി എത്തിച്ചതെന്നാണു മൊഴി. ഇയാളിൽനിന്നു പിടിച്ചെടുത്ത ചില രേഖകളുടെ പരിശോധനയാണ് ഇപ്പോൾ പുരോഗമിക്കുന്നത്. ഇതിനു ശേഷം ഈ മാസം അവസാനത്തോടെ കുറ്റപത്രം സമർപ്പിക്കും. കഴിഞ്ഞ മാർച്ച് 15ന് കൊച്ചി സിറ്റി പോലീസ് നാർകോട്ടിക് അസിസ്റ്റൻറ് കമ്മീഷണർ കെ. എ. അബ്ദുൾ സലാമിന്റെ നേതൃത്വത്തിലുള്ള മൂന്ന് ഡാൻസാഫ് ടീമും കളമശേരി പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് പെരിയാർ ഹോസ്റ്റലിൽ നിന്ന് രണ്ടു കിലോ കഞ്ചാവ് കണ്ടെത്തിയത്.

കഞ്ചാവ് അളന്നു ചെറിയ പായ്ക്കറ്റുകളിലേക്ക് മാറ്റുന്നതിനിടെയായിരുന്നു റെയ്ഡ്. സംഭവവുമായി ബന്ധപ്പെട്ട് മൂന്നാം വർഷ വിദ്യാർഥികളായ കൊല്ലം കുളത്തുപ്പുഴ സ്വദേശി ആകാശ്, ആലപ്പുഴ സ്വദേശി ആദിത്യൻ, കൊല്ലം സ്വദേശിയും കോളജിലെ യൂണിയൻ ജനറൽ സെക്രട്ടറിയും എസ്എഫ്ഐ നേതാവുമായ അഭിരാജ് എന്നിവരെയാണ് പോലീസ് ആദ്യം അറസ്റ്റ് ചെയ്തത്.

രണ്ട് എഫ്ഐആറുകളാണ് രജിസ്റ്റർ ചെയ്തത്. ആദ്യത്തെ എഫ്ഐആറിൽ ആകാശാണു പ്രതി. രണ്ടു കിലോ കഞ്ചാവാണ് ആകാശിന്റെ മുറിയിൽനിന്നു കണ്ടെടുത്തത്. പ്രതി വില്പനയ്ക്കും ഉപയോഗത്തിനുംവേണ്ടിയാണ് കഞ്ചാവ് സൂക്ഷിച്ചത്. രണ്ടാമത്തെ എഫ്ഐആറിൽ ആദിത്യൻ, അഭിരാജ് എന്നിവരാണു പ്രതികൾ. കവർ ഉൾപ്പെടെ 9.70 ഗ്രാം കഞ്ചാവാണ് ഇവരുടെ മുറിയിൽനിന്നു പിടിച്ചെടുത്തത്. അഭിജിത്ത്, ആദിത്യൻ എന്നിവരെ പിഴ ഈടാക്കി വിട്ടയച്ചു.

തുടർന്നുള്ള അന്വേഷണത്തിൽ പോളിടെക്നിക്കിലെ പൂർവവിദ്യാർഥികളായ മുഹമ്മദ് ആഷിഖും കെ. എസ്. ഷാലിഖും പിടിയിലായി. മുഹമ്മദ് ആഷിഖാണു പ്രധാന ലഹരി ഇടപാടുകാരനെന്ന് പോലീസ് കണ്ടെത്തിയിരുന്നു. ഇവരെ ചോദ്യം ചെയ്തതിൽ നിന്നാണു ഹോസ്റ്റലിലേക്ക് കഞ്ചാവ് എത്തിച്ച പശ്ചിമ ബംഗാളിലെ മുർഷിദാബാദ് ജില്ലക്കാരായ സുഹൈൽ ഷേഖ്, എഹിന്തോ മണ്ഡൽ, ദീപു മണ്ഡൽ എന്നിവർ അറസ്റ്റിലായത്.

സുഹൈലാണു കഞ്ചാവ് നൽകിയതെന്ന് വിദ്യാർഥികൾ പോലീസിന് മൊഴി നൽകിയിരുന്നു. ഇവർ മൂവരും അജയ് പ്രധാന്റെ സംഘത്തിലുള്ളവരാണെന്നാണ് പോലീസ് കണ്ടെത്തൽ.

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്തു, അറസ്റ്റിലായ രണ്ടുപേരിൽ പ്രായപൂർത്തിയാകാത്തയാളും

കാൺപുർ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ പതിനഞ്ചുകാരൻ ഉൾപ്പടെ രണ്ടു പേർ അറസ്റ്റിൽ. ഉത്തർപ്രദേശിലെ കാൺപുർ മഹാരാജ്പുരിലാണ് സംഭവം നടന്നത്. ഒളിവിലുള്ള മൂന്നാമത്തെ പ്രതിക്കായി അന്വേഷണം ഊർജിതമാക്കിയതായി പോലീസ് അറിയിച്ചു.

ജൂലൈ 26ന് നടന്ന സംഭവം ഇരയായ പെൺകുട്ടി മഹാരാജ്പുർ പോലീസിനെ അറിയിക്കാൻ സമീപിച്ചതോടെയാണ് പുറത്തറിയുന്നത്. ഫത്തേപൂർ സ്വദേശിയായ മഹേഷ് (19) എന്ന കാമുകനോടൊപ്പമായിരുന്നു പെൺകുട്ടിയെന്ന് ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് പറഞ്ഞു. മഹേഷ് ചില സാധനങ്ങൾ വാങ്ങാനെന്ന വ്യാജേന മഹാരാജ്പൂരിലെ ആളൊഴിഞ്ഞ സ്ഥലത്തേക്ക് കൊണ്ടുപോയി പെൺകുട്ടിയെ ബലാത്സംഗം ചെയ്യുകയായിരുന്നു. തുടർന്ന് ഇവരുടെ അടുത്തേക്ക് എത്തിയ ദിവ്യാൻഷു എന്ന ലക്കിയും (19), 15 വയസുള്ള ഇയാളുടെ സുഹൃത്തും ബ്ലാക്ക് മെയിൽ ചെയ്യാനുള്ള ഉദ്ദേശ്യത്തോടെ ഇവരുടെ ചിത്രമെടുക്കുകയും പെൺകുട്ടിയോട് 7,000 രൂപ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ഇരുവരും ചേർന്ന് പെൺകുട്ടിയെ പീഡിപ്പിച്ചു. ഇതോടെ പെൺകുട്ടിയെ തനിച്ചാക്കി മഹേഷ് സംഭവസ്ഥലത്ത് നിന്ന് ഓടിപ്പോകുകയായിരുന്നുവെന്ന് അസിസ്റ്റൻറ് കമ്മീഷണർ അഭിഷേക് പാണ്ഡേ പറഞ്ഞു.

ദിവ്യാൻഷുവിനെ ജയിലിലേക്കും പ്രായപൂർത്തിയാകാത്തയാളെ ജുവനൈൽ ഹോമിലേക്കും മാറ്റി. ഒളിവിലുള്ള മഹേഷിനായി അന്വേഷണം ഊർജിതമാക്കിയതായി പോലീസ് അറിയിച്ചു.

## പ്ലാൻറേഷൻ തോട്ടത്തിൽ കാട്ടാനയെ ചരിഞ്ഞനിലയിൽ കണ്ടെത്തി

അതിരപ്പിള്ളി: കാലടി പ്ലാൻറേഷൻ തോട്ടത്തിനുള്ളിൽ കാട്ടാനയെ ചരിഞ്ഞ നിലയിൽ കണ്ടെത്തി. ഏകദേശം 10 വയസുള്ള പിടിയാനയെയാണ് റോഡിനോട് ചേർന്നുള്ള തോട്ടിൽ ചരിഞ്ഞ നിലയിൽ കണ്ടത്. രാവിലെ ജോലിക്കെത്തിയ തൊഴിലാളികളാണ് ആദ്യം കാട്ടാനയുടെ ജഡം ആദ്യം കണ്ടത്. തൊഴിലാളികൾ വിവരമറിയിച്ചതിനെ തുടർന്ന് വനപാലകർ സ്ഥലത്തെത്തി നടപടികൾ സ്വീകരിച്ചു. മരണകാരണം വ്യക്തമല്ല പോസ്റ്റ്മോർട്ടത്തിന് ശേഷമാണു കൂടുതൽ വിവരങ്ങൾ അറിയുവാൻ സാധിക്കുക.

## സാഹസിക ടൂറിസം പരിശീലനത്തിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും സംയുക്തമായി മൂന്നാറിൽ നടത്തുന്ന സാഹസിക ടൂറിസം പരിശീലന പരിപാടിയായ അഡ്വഞ്ചർ ആക്ടിവിറ്റി അസിസ്റ്റന്റ് കോഴ്സിൽ (7 ദിവസം) പങ്കാളിയാകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് പാസായ 2025 ആഗസ്റ്റ് മാസം 1 നു 18 വയസ് തികഞ്ഞവരും 45 വയസ് കഴിഞ്ഞിട്ടില്ലാത്തവരുമായ നല്ല ശാരീരിക ക്ഷമതയുള്ളവർക്ക് അപേക്ഷിക്കാം. ആഗസ്റ്റ് 16 നു തുടങ്ങുന്ന ബാച്ചിൽ ചേരുന്നതിനായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഈ മാസം 14 നകം ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം 695014 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഇമെയിൽ: kittstraining@gmail.com. ഫോൺ: 8129816664.